
2022
മെയ്
വാല്യം 15 | ലക്കം 5
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## ദേവസഹായം വിശുദ്ധ പദപ്രഖ്യാപനം മെയ് 15



കുരുത്തോല ഞായർ ആചരണം വിമലഗിരി കത്തീഡ്രലിൽ



തിരുതൈലങ്ങൾ അഭിവന്ദ്യ പിതാവ് ധൂപിക്കുന്നു



ഉയിർപ്പ് തിരുനാളിൽ പുത്തൻ തീ, തിരി ആശിർവാദം

# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

2022 MAY | Registered Newspaper, Reg.No. KERMAL/2008/24745 | Vol.15 • No.5

THE ROMAN CATHOLIC DIOCESE OF VIJAYAPURAM
AD CHRISTI NOMEN - 1930

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ:
6 **APPOINTMENTS AND TRANSFERS**
8. കെ.ആർ.എൽ.സി.ബി.സി. (സർക്കുലർ)
10 റമദാൻ ആശംസകൾ
12 മാതൃത്വത്തിന്റെ മഹനീയത
15 വാഴ്ത്തപ്പെട്ട ദേവസഹായം
18 വൈദികജീവിതം
22 സ്വാന്തനത്തിന്റ ചിറകുള്ള
24 മെയ് ദിന സന്ദേശം
29 ഇടവകവാർത്തകൾ
32. വി.എസ്.എസ്,എസ്. വാർത്തകൾ
34. അഭിവന്ദ്യപിതാവിന്റെ മെയ് മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com




# സിനഡാത്മക സഭയായി നമുക്ക് മുന്നേറാം

2023 ഒക്ടോബറിൽ പൂർണ്ണമാകുന്ന മെത്രാന്മാരുടെ 16–ാമതു സാധാരണ സിനഡിന്റെ ഭാഗമായി 2022 മെയ് മാസം 10,11,12 തീയതികളിൽ വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് നാം വിജയപുരം രൂപതാ സിനഡ് ആഘോഷിക്കുകയാണ്. രൂപതയിൽ വിവിധ തലങ്ങളിൽ നടത്തപ്പെട്ട മിനി സിനഡുകളുടെ പൂർത്തീകരണമായാണ് പരിശുദ്ധാത്മാവിന്റെ നായകത്വത്തിൽ അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ, രൂപതയിലെ എല്ലാവരുടെയും അൽമായരുടെയും സന്യസ്ഥരുടെയും വൈദികരുടെയും പ്രാതിനിധ്യത്തോടെ രൂപതാ സിനഡ് നടത്തപ്പെടുക കുടുംബ സിനഡുകളുടെ റിപ്പോർട്ട് കുടുംബകൂട്ടായ്മ (ബി.സി.സി.) സിനഡുകളിൽ അവതരിപ്പിച്ചു. കുടുംബ കൂട്ടായ്മ സിനഡുകളുടെ റിപ്പോർട്ട് ഇടവകസിനഡിൽ അവതരിപ്പിച്ചു. ഇടവക സിനഡുകളുടെ റിപ്പോർട്ട് ഫൊറോന അഥവാ മേഖലാ സിനഡുകളിൽ അവതരിപ്പിച്ചു. മേഖലാ സിനഡുകളുടെ റിപ്പോർട്ടാണ് രൂപതാ സിനഡിൽ അവതരിപ്പിക്കുക. കൂടാതെ രൂപതയിൽ സന്യസ്ഥർ, മതാധ്യാപകർ, അധ്യാപകർ, വയോജനങ്ങൾ, യുവജനങ്ങൾ, കുട്ടികൾ, സംഘടനകൾ, വിവിധ നേതൃത്വങ്ങളിൽ ഉള്ളവർ തുടങ്ങിയവർക്കായി നടത്തപ്പെട്ട മിനി സിനഡുകളുടെ റിപ്പോർട്ടുകളും രൂപതാസിനഡിൽ അവതരിപ്പിക്കും. അങ്ങനെ താഴേത്തട്ടിൽ തുടങ്ങി രൂപതാതലം വരെ നടത്തപ്പെടുന്ന മിനി സിനഡുകളിലൂടെ രൂപതയിലാകമാനം സിനഡാത്മകത വരുത്താനും വളർത്താനുമുള്ള യത്നമാണ് നടത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. കോവിഡുകാലത്ത് ഉണ്ടും ഉറങ്ങിയും തളർന്നുപോയ വിവിധ തലങ്ങളിലെ കൂട്ടായ്മകളെയെല്ലാം ചൂടുപിടിപ്പിക്കാനും ഉണർത്താനും ഉയർത്താനും മുന്നോട്ടു നയിക്കാനും ഫ്രാൻസിസ് പാപ്പയിലൂടെ പ്രത്യേകം നൽകപ്പെട്ട സവിശേഷാവസരമാണ് ഈ സിനഡ്. കുടുംബം ഇനി എല്ലാത്തലങ്ങളിലും നല്ല സംഭാഷണങ്ങളിലൂടെ ഹൃദയം തുറന്ന് കേൾക്കുന്നതിലൂടെയും ഉള്ളുതുറന്ന് സംസാരിക്കുന്നതിലൂടെയും നല്ല ആത്മശോധനയിലേക്കും സ്വപ്നം കാണലിലേക്കും പ്രവർത്തനപദ്ധതി തയ്യാറാക്കലിലേക്കും നയിച്ചുകൊണ്ട് മിനി സിനഡുകൾ എങ്ങും

എല്ലാതലങ്ങളിലും ഏവരിലും നവീകരണവും മുന്നേറ്റവും വരുത്തിക്കൊണ്ടിരിക്കുന്നു.

ഈ മിനി സിനഡുകൾ ഒരു തവണമാത്രം നടത്തേണ്ടവയല്ല തുടർന്നും നടത്തേണ്ടവയാണ്. അവ വെറുമൊരു സംഭവം എന്നതിനേക്കാൾ ഏവരുടെയും പ്രവർത്തനരീതിയും ജീവിതരീതിയും ആകണം. 2023-ൽ തീർന്നുപോകേണ്ടതല്ല ഒരു സിനഡാത്മക സഭക്കുവേണ്ടി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നിവ പ്രോത്സാഹിപ്പിക്കാൻ വേണ്ടി നടത്തപ്പെടുന്ന മെത്രാന്മാരുടെ 16-ാമതു സാധാരണ സിനഡ്. സഭയിലാകമനം ജീവിതത്തിലാകമാനം പാലിക്കപ്പേടണ്ടതാണ് സിനഡാത്മകത അഥവാ ഒരുമിച്ചുള്ള മുന്നേറ്റം.

ഏങ്ങും എവിടെയും എപ്പോഴും ഏവരിലും കൂട്ടായ്മ നിലനിലയ്ക്കണം. വളരണം. അതിന് തടസ്സം വരുത്തുന്നവരെ തിരിച്ചറിഞ്ഞ് തിരുത്തണം. മാറ്റണം അതിനെ പരിപോഷിപ്പിക്കുന്നവയെ പുൽകണം, പരിപോഷിപ്പിക്കണം. വളർത്തണം. അതേപോലെ തന്നെ പങ്കാളിത്തവും പങ്കുവക്കലും പരിപോഷിപ്പിക്കപ്പെടണം. അതിന് ഓരോരുത്തർക്കുമുള്ളവ കണ്ടെത്തണം. തിരിച്ചറിയണം. വളർത്തണം. 'നിങ്ങളുടെ കൈവശം എത്ര അപ്പമുണ്ട്? ചെന്നു നോക്കുവിൻ' എന്ന കർത്താവിന്റെ ചോദ്യത്തിന് (മർക്കോ 6:38) നാമോരോരുത്തരും ഉത്തരം പറയണം. നൽകപ്പെട്ട താലന്തുകളും കഴിവുകളും സിദ്ധികളും സാദ്ധ്യതകളും അവസരങ്ങളും തിരിച്ചറിഞ്ഞ് ദൈവദൗത്യം നിറവേറ്റാനുള്ളവർക്ക് അനുഗ്രഹമാകാനും അനുഗ്രഹമേകാനും ഉപയുക്തമാക്കണം. 'ഇത്ര കുറച്ചേയുള്ളു' എന്നു ചിന്തിച്ച് നാം പിന്മാറരുത്. ഇത്രയുണ്ടല്ലോ എന്ന ബോധത്തോടെ നന്ദി നിറഞ്ഞ ഹൃദയത്തോടെ അവ ഉപയോഗിക്കാൻ നാം തയ്യാറാകണം.

ഈ കൂട്ടായ്മയിലൂടെയും പങ്കുവയ്ക്കലിലൂടെയും സംഭാഷണങ്ങളിലും തീരുമാനമെടുക്കലിലും പ്രവർത്തനങ്ങളിലും പുലർത്തുന്ന പങ്കാളിത്തത്തിലൂടെയും നാം നമ്മുടെ പ്രേഷിതദൗത്യം നിറവേറ്റണം. ദൈവസ്നേഹം പകരണം. യേശു സാധിച്ച രക്ഷ ഏവർക്കും അനുഭവവേദ്യമാക്കണം. പരിശുദ്ധാത്മാവ് വരുത്തുന്ന പരിവർത്തനവും നവീകരണവും വഴി ദൈവരാജ്യാനുഭവത്തിലേക്ക് ലോകത്തെ നയിക്കണം. നമ്മുടെ ജീവിത രീതിയിലൂടെ, ചിന്താഗതിയിലൂടെ, മനോഭാവങ്ങളിലും പെരുമാറ്റങ്ങളിലും, ബന്ധങ്ങളിലും കൂടെ, വാക്കുകളിലൂടെ പ്രവർത്തനങ്ങളിലൂടെ അങ്ങനെ ലോകത്തിൽ ദൈവരാജ്യത്തിന്റെ പ്രവർത്തകരും, സാക്ഷികളും, പ്രഘോഷകരുമാകാൻ നമുക്ക് ശ്രദ്ധിക്കാം. കൂട്ടായ്മയിലൂടെ പങ്കാളിത്തത്തിലൂടെ, പ്രേഷിതദൗത്യം നിറവേറ്റുന്നതിലൂടെ ഒരു സിനഡാത്മക സഭയായി നമുക്കു മുന്നേറാം.

*പത്രാധിപർ*

# APPOINTMENTS AND TRANSFERS

Very Rev.Fr.George Chakkumkal is appointed as the Vicar Forane of District. V.

Very Rev.Fr.Jose Kuruvila Kadanthuruthel is appointed as the Vicar Forane of District VI.

Rev. Fr. Justin Karakunnel CFIC is appointed as the Assistant Parish Priest of St. Mary's Church, Mundakayam

Rev. Fr. Anish Poovathel HGN is relieved from his office as the Assistant Parish Priest of St. Mary's Church, Mundakayam

Rev. Fr. Hilary Joseph Thekkekuttu, in addition to his present responsibilities, is appointed as assistant financial administrator of the Diocese and the Director of Vimalagiri Pastoral Centre, Kottayam.

Rev. Fr. Joseph Tharayil is transferred from St. Mary's Church, Thellakom and is appointed as the Parish Priest of St. Francis Xavier Church, Kurichy.

Rev. Fr. Joseph (Aji) Cherukakrancheril, in addition to his present responsibility as the financial administrator of the Diocese, is appointed as the Parish Priest of St. Mary's Church, Thellakom and Spiritual Director of Infant Jesus Minor Seminary, Keezhukunnu, Kottayam

Rev. Fr. Joseph (Shiju) Padikaramala is transferred from Holy Cross Church, Mannakanad and is appointed as the Rector of Savio Minor Seminary, Vijayapuram Bishop's house, Kotayam.

Rev. Fr. Emmanuel Chemparayil is transferred from Our Lady of Guadalupe Church Pala and is appointed as the Parish Priest of St. Mary's Church, Nattassery.

Rev. Fr. Linoose Bivera Chullikaparambil is relieved from St. Mary's Church, Nattasserry and is appointed as the Vice-Rector of Infant Jesus Minor Seminary, Keezhukunnu, Kottayam

Rev. Fr. Joseph Meenaikodath is transferred from Savio Minor seminary and is appointed as the Rector of Infant Jesus Minor Seminary, Keezhukunnu, Kottayam

Rev. Fr. Mathew Ozhathil is transferred from Infant Jesus Minor Seminary, Keezhukunnu and is appointed as the Parish Priest of Our Lady of Guadelupe Church, Pala.

Rev. Dr. Kleetus Varghese Kathirparambil is relieved of his responsibilities as the Parish priest of Sacred Heart Church, Pambanar and as the Vicar Foran of District VI and he is appointed as the Secretaryof KCBC Family Commission.

Rev. Fr. Peter Palackal is transferred from Little Flower Church, Kozhippilly and is appointed as the Parish Priest of St. Jude Church, Dindikombu.

Rev. Fr. Joy Kolathady is transferred from St. jude's Church, Dindikombu and is appointed as the Parish Priest of Little flower Chrch, Kozhippilly.

Rev. Fr. Josemon John Kochuputhenpurayil, MSFS is appointed as the Parish Priest of St. Joseph's Church, 20 Acre, Kattappana

Rev. Fr. Jacob Thudippara MSFS is relieved of his responsibility as the Parish Priest of St. Joseph's Church, 20 Acre.

Rev. Fr. Jose Kuruvila Kadanthuruthel is transferred from St. Sebastian's Church, Cheenthalar and is appointed as the Parish Priest of Sacred Heart Church, Pambanar

Rev. Fr. Thomas Pazhuvakkattil is transferred from St. Joseph's Church, Podimattom and is appointed as the Parish Priest of Holy Cross Church, Mannakanad

Rev. Fr. Joseph Saji Poovathukad is transferred from Mount Carrnel Church, Thiruvanchoor and is appointed as the Parish Priest of St. joseph's Church, Podimattom

Rev. Fr. Sylvester Madhavasserry is transferred from St. Joseph's Church, Nedungapra and is appointed as the Parish Priest of Mount Carmel Church, Thiruvanchoor.

Rev. Fr. Varghese Madan SAC is transferred from Little Flower Church, Kanthalore and is appointed as the Parish Priest of St. Joseph's Church, Nedungapra.

Rev. Fr. Victor Georget Major is transferred from MISTS and is appointed as the Parish Priest of Little Flower Church, Kanthalore.

Rev. Fr. Rajan Goerge CP is appointed as the Parish Priest of St. Joseph's Church Gudarale.

Rev. Fr. George Mudakkampuram SVD is appointed as the Parish Priest of Little Flower Church,Ranny

Rev. Fr. Sebastian Veliyil is transferred from Little Flower Church, Ranny and is appointed as the Parish Priest of St. Sebastian's Church, Cheenthalar.

Rev. Fr. Varghese Tijo mattuppalliyil, in addition to his present responsibilities, is appointed as the Associate Director of Munnar Integral Social Transformation Society (MISTS), Animation Center for Munnar Integral Social Transformation (Ac Mist) and Regional office of Vijayapuram Social Service Society.

# കെ.ആർ.എൽ.സി.ബി.സി. സർക്കുലർ

വന്ദ്യവൈദികരേ, പ്രിയ സന്യസ്തരേ, വത്സല സഹോദരരേ,
ക്രിസ്തുവിൽ സ്നേഹാശംസകൾ നേരുന്നു.

രക്തസാക്ഷിയായ ദേവസഹായത്തിലൂടെ മറ്റൊരു വിശുദ്ധനുവേണ്ടി ഭാരത സഭ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. നമുക്കറിയാവുന്നതുപോലെ ഈ വരുന്ന മേയ് 15 ാം തീയതി വത്തിക്കാനിൽ വച്ച് മറ്റു ആറുപേരോടൊപ്പം പരിശുദ്ധ ഫ്രാൻസിസ് പാപ്പാ വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിശുദ്ധനായി പ്രഖ്യാപിക്കുകയാണ്. ഭാരത മണ്ണിൽ രക്തസാക്ഷി മകുടം ചൂടുന്ന പ്രഥമ ഭാരതീയൻ എന്ന് വേദസാക്ഷിയായ ദേവസഹായം അംഗീകരിക്കപ്പെടുകയാണ്. ഭാരതത്തിൽനിന്ന് വിശുദ്ധപദത്തിലേക്കുയർത്തപ്പെടുന്ന പ്രഥമ അല്മായനും, വിവാഹിതനുമായ വ്യക്തിയാണ് ദേവസഹായം. അതിനാൽതന്നെ ഈ വിശുദ്ധനാമകരണത്തിന് ഭാരത സഭയിൽ പ്രത്യേക പ്രാധാന്യമുണ്ട്.

2009 -ൽ മൈസൂരിൽ നടന്ന 21 -മത് സമ്പൂർണ സമ്മേളനത്തിൽ വച്ച് വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തോട് ദേവസഹായത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടുവാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിസിബിഐ) തീരുമാനിച്ചു. വിശ്വാസവർഷമായി ആചരിച്ച 2012 ൽ അത് സാധിതമാവുകയും ചെയ്തു. തുടർന്ന് 2013 -ൽ വേളാങ്കണ്ണിയിൽ സമ്മേളിച്ച സിസിബിഐ സമ്പൂർണ്ണ സമ്മേളനം വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ ഓർമ്മ ഇന്ത്യയ്ക്കുവേണ്ടിയുള്ള ആരാധനക്രമകലണ്ടറിൽ സ്മരണയായി ഉൾപ്പെടുത്തുവാൻ വോട്ടിംഗിലൂടെ നിശ്ചയിച്ചു.

ആനുകാലികമായ അജപാലന വെല്ലുവിളികളെക്കുറിച്ച് സത്യസന്ധമായ വിവേചനം നടത്തുവാൻ സിനഡാത്മക യാത്രയിലൂടെ പരിശ്രമിക്കുന്ന സമയത്തുതന്നെയാണ് വേദസാക്ഷിയായ ദേവസഹായത്തിന്റെ വിശുദ്ധപദപ്രഖ്യാപനം വന്നെത്തുന്നത് എന്നത് ഭാരതസഭയെ സംബന്ധിച്ച് നിർണ്ണായകമായ ഒരനുഗ്രഹമാണ്. ഇക്കാലഘട്ടത്തിൽ ക്രൈസ്തവജീവിതത്തിന്റെയും സാക്ഷ്യത്തിന്റെയും സങ്കീർണ്ണതകളെ സധൈര്യം നേരിടുവാൻ സകലരോടും പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളോടും ഈ ധീരരക്തസാക്ഷിയുടെ വീരചരിതം വിവരിക്കുവാൻ നമുക്ക് അഭിമാനപൂർവ്വകമായ ഒരവസരം കൈവന്നിരിക്കുന്നു.

രക്തസാക്ഷി ദേവസഹായത്തിന്റെ വിശുദ്ധനാമകരണ ചടങ്ങുകൾ ഇപ്രകാരമാണ് ക്രമീകരിക്കുക.

2012 മേയ് 14 ന് വൈകുന്നേരം ഇറ്റാലിയൻ സമയം അഞ്ചുമണിക്ക് റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ സാഘോഷമായ സന്ധ്യായാമപ്രാർത്ഥനയും, തുടർന്ന് പോൾ ആറാമൻ ഹാളിൽ പൊതുസമ്മേളനവും, കലാ സാംസ്കാരിക പരിപാടികളും;

മെയ് 15-ാം തീയതി ഞായറാഴ്ച ഇറ്റാലിയൻ സമയം രാവിലെ 10 മണിക്ക് പരിശുദ്ധ ഫ്രാൻസീസ് പാപ്പാ അർപ്പിക്കുന്ന വിശുദ്ധ നാമകരണ ദിവ്യബലി.

സഭയിലെ ഈ അപൂർവ്വ സംഭവം കൊണ്ടാടുന്നതിനായി ഭാരത്തിലെ സഭ ദേശീയതലത്തിൽ താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

ദേശീയ ക്വിസ് മത്സരം : കോട്ടാർ രൂപതയിൽ പ്രവർത്തിക്കുന്ന വിശുദ്ധ നാമകരണ കമ്മറ്റിയോടു സഹകരിച്ച് സിസിബിഐ ഏഴു പടികളിലായി ക്വിസ് മത്സരം സംഘടിപ്പിക്കും.

ദേശീയ ലേഖന മത്സരം : ഹൈസ്കൂൾ ഹയർസെക്കന്ററി വിദ്യാർത്ഥികൾ, കോളേജ് -യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ, പൊതുയുവജനങ്ങൾ, വിവാഹിതരായ അല്മായർ എന്നീ വിഭാഗങ്ങൾക്കായി കോട്ടാർ രൂപതയിലെ വിശുദ്ധനാമകരണ കമ്മിറ്റി സിസിബിഐ യുടെ ആഭിമുഖ്യ ത്തിൽ ലേഖനമത്സരം സംഘടിപ്പിക്കും.

ദേശീയ പ്രാർത്ഥനാ മണിക്കൂർ ; മഹാമാരി സമയത്ത് ദേശീയ തലത്തിൽ നടത്തപ്പെട്ട തിരുമണിക്കൂറിനു സമാനമായി 2022 ജൂൺ 24 വെള്ളിയാഴ്ച ഒരുമണിക്കൂർ പ്രാർത്ഥനാ സമയത്ത് നമ്മുടെ എല്ലാ കുടുംബങ്ങളെയും യേശുവിന്റെ തിരുഹൃദയത്തിനു സമർപ്പിക്കാം. ഇന്ത്യയിൽ തമസിക്കുന്നവരോ വിദേശത്തുള്ളവരോ ആയ നമ്മുടെ സകല വിശ്വാസികളും ഒരു കുടുംബമായി പ്രസ്തുത പ്രാർത്ഥനാമണിക്കൂറിൽ പങ്കുചേരുകയും നമ്മുടെ രാജ്യത്തിനുവേണ്ടി വേദസാക്ഷിയായ ദേവസഹായത്തിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യണമെന്നാണ് നമ്മുടെ തീക്ഷ്ണമായ ആഗ്രഹം.

ദേശീയ കൃതജ്ഞതാഘോഷം വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ രക്തസാക്ഷിത്വത്താൽ പാവനമാകപ്പെട്ട അതേ സ്ഥലത്ത് കോട്ടാർ, കുഴിത്തുറ രൂപതകളുടെ ആഭിമുഖ്യത്തിൽ പെന്തക്കൊസ്താ തിരുനാളായ 2022 ജൂൺ 5 ന് വൈകിട്ടു നാലുമണിക്ക് നടത്തപ്പെടുന്ന ആഘോഷങ്ങളിൽ ഭാരതത്തിലെ സഭ പങ്കുചേരും.

**പ്രത്യേകം ശ്രദ്ധിക്കാൻ**

വാഴ്ത്തപ്പെട്ട ദേവസഹായത്തെ വിശുദ്ധനെന്ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ നാമകരണം ചെയ്യുന്ന 2022 മെയ് 15 ാം തീയതി ഞായറാഴ്ച രാവിലെ നമ്മുടെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലിയിൽ ദിവ്യഭോജനപ്രാർഥനക്കുശേഷം നന്ദി സൂചകമായി 'സ്തോത്രഗീതം' ( Te deum ) ആലപിക്കേണ്ടതാണ്.

ഇതോടൊപ്പം ജൂൺ 5 ന് കോട്ടാറിൽ നടക്കുന്ന കൃതജ്ഞതാബലിയിൽ പങ്കെടുക്കുന്നതിനും സൗകര്യപ്രദമായ സമയത്ത് വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് സാധ്യമാകുന്നവരെല്ലാം തീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കേതുമാണ്.

ഈ മഹാസംഭവത്തിനായി ഭാരതസഭ ഒരുങ്ങുമ്പോൾ, നമ്മുടെ രാജ്യത്തിന് ഒരു പുതിയ വിശുദ്ധനെ നല്കിയതിനെപ്രതി ദൈവത്തിന് കൃതജ്ഞതയർപ്പിക്കുകയും, അനേകവർഷങ്ങളായി വിശുദ്ധ നാമകരണത്തിന്റെ സുദീർഘമായ പ്രക്രിയയിൽ അവിശ്രമം പരിശ്രമിച്ച എല്ലാവരോടുമുള്ള അഗാധമായ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

വാഴ്ത്തപ്പെട്ട ദേവസഹായം നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ. . സ്നേഹപൂർവ്വം,

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

† **ജോസഫ് കരിയിൽ**
പ്രസിഡന്റ്
കെ.ആർ.എൽ.സി.ബി.സി

† **സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ**
വിജയപുരം രൂപതാമെത്രാൻ

# റമദാൻ ആശംസകൾ

പ്രിയ മുസ്ലീം സഹോദരീ സഹോദരന്മാരെ,

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കോവിഡ്-19 മഹാമാരി നമ്മുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെ ലോകമെമ്പാടുമുള്ള ദശലക്ഷകണക്കിന് വ്യക്തികളുടെ ജീവൻ അപഹരിച്ചു. മറ്റു ചിലർ രോഗബാധിതരാവുകയും സുഖം പ്രാപിക്കുകയും ചെയ്തു. എങ്കിലും വളരെക്കാലം നീണ്ടു നിൽക്കുന്ന വേദനയും വൈറസിന്റെ അനന്തരഫലങ്ങളും അനുഭവിച്ചു. ഈദ് ഉൽഫിത്തറോട്കൂടി സമാപിക്കുന്ന റമദാൻ മാസം നിങ്ങൾ ആഘോഷിക്കുമ്പോൾ നമ്മുടെ ചിന്തകൾ നമ്മെയെല്ലാം തന്റെ പരിപാലനയാൽ സംരക്ഷിക്കുന്ന സർവ്വശക്തനായ ദൈവത്തോടുള്ള നന്ദിയാൽ നിറയുന്നു. രോഗികൾക്കും പരേതർക്കും വേണ്ടി ഞങ്ങൾ ദുഃഖത്തോടും പ്രത്യാശയോടും പ്രാർത്ഥിക്കുന്നു.

ഈ മഹാവ്യാധിയും അതിന്റെ ദാരുണമായ പ്രത്യാഘാതങ്ങളും നമ്മുടെ ജീവിതരീതിയുടെ എല്ലാ മേഖലകളിലേക്കു വ്യാപിക്കുമ്പോഴും മറ്റൊരു പ്രധാന കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു പങ്കുവയ്പ്പ് (sharing). ഇക്കാരണത്താൽ ഈ പ്രശ്നത്തെ പരിഹരിക്കുന്നത് ഉചിതമാണെന്ന് ഞങ്ങൾ കരുതുകയും ഈ സന്ദേശം നിങ്ങൾക്ക് അയക്കുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നു. നാമെല്ലാവരും ദൈവത്തിന്റെ ദാനങ്ങളായ വായു, വെള്ളം, ജീവൻ, ഭക്ഷണം, പാർപ്പിടം, മരുന്നുകളുടെയും ആരോഗ്യമേഖലകളുടെയും മുന്നേറ്റങ്ങൾ, ഫലങ്ങൾ. വിവിധ ശാസ്ത്രസാങ്കേതിക മേഖലകളുടെ ഫലങ്ങൾ. അവയുടെ ഉപയോഗം. പ്രപഞ്ചം പങ്കുവയ്ക്കുന്ന രഹസ്യങ്ങളുടെ ക്രമാനുഗതമായ കണ്ടെത്തൽ. ദൈവത്തിന്റെ ഔദാര്യത്തേയും ഉദാരതയേയുംകുറിച്ചുള്ള അവബോധം. അവനോടുള്ള കൃതജ്ഞതയാൽ നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുന്നു. അതെ സമയം അവന്റെ ദാനങ്ങൾ ഏതെങ്കിലും തരത്തിലുള്ള ആവശ്യമുള്ള സഹോദരി സഹോദരന്മാരുമായി പങ്കിടാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. തൊഴിൽ നഷ്ടവും പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട് സാമ്പത്തികമായും സാമൂഹ്യമായതുമായ പ്രശ്നങ്ങളിൽ നിരവധി ആളുകൾ അകപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ദാരിദ്രവും അപകടകരമായ സാഹചര്യങ്ങളും പങ്കിടാനുള്ള നമ്മുടെ കടമ കൂടുതൽ അടിയന്തിരമാകുന്നു.

നമ്മളും നമുക്കുള്ളതും ദൈവത്തിന്റെ ദാനങ്ങളാണെന്നും തൽഫലമായി നമ്മുടെ കഴിവുകൾ നമ്മുടെ സഹോദരി സഹോദരന്മാരുടെ സേവനത്തിനായി നൽകണമെന്നും നമുക്കുള്ളത് പങ്കുവയ്ക്കണമെന്നുള്ള അവബോധത്തിലാണ് പങ്കിടലിന്റെ ഏറ്റവും ആഴത്തിലുള്ള പ്രചോദനം കണ്ടെത്തുന്നത്.

ഏറ്റവും മികച്ച പങ്കുവയ്ക്കൽ ഉടലെടുക്കുന്നത് മറ്റുള്ളവരോടുള്ള യഥാർത്ഥ സഹാനുഭൂതിയിൽ നിന്നും ഫലപ്രദമായ അനുകമ്പയിൽ നിന്നുമാണ്. ഈ കാര്യത്തിൽ പുതിയ നിയമത്തിൽ നിന്നും നാം ഒരു യഥാർത്ഥ വെല്ലുവിളി നേരിടുന്നു. ലൗകിക സമ്പത്ത് ഉണ്ടായിരിക്കെ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ

അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും. കുഞ്ഞുമക്കളേ, വാക്കാലും, സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്. പ്രവൃത്തിയിലും സത്യത്തിലുമാണ്. (1 യോഹ 3:17-18)

എങ്കിലും പങ്കുവയ്പ്പ് ഭൗതിക വസ്തുക്കളിൽ മാത്രം ഒതുങ്ങുന്നില്ല. എല്ലാറ്റിനും ഉപരിയായി, ഓരോ മനുഷ്യ ജീവിതത്തിന്റെയും ഭാഗമായ സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവയ്ക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുവാനും കരയുന്നവ രോടുകൂടി കരയുവാനും (റോമ 12:15) റോമിലെ ക്രിസ്ത്യാനികളെ പൗലോസ് അപ്പോസ്തലൻ ക്ഷണിക്കുന്നു. പങ്കുവയ്ക്കുന്ന വേദന പകുതിയായി കുറയുകയും, സന്തോഷം ഇരട്ടിയായി വളരുകയും ചെയ്യുമെന്ന് ഫ്രാൻസിസ് പാപ്പ ഉറപ്പു നൽകുന്നു. (meeting with the pupil of scholus occurrentes 11 may 2018)

നമ്മുടെ ബന്ധുമിത്രാധികളുടെയും അയൽക്കാരുടെയും ഇതര മതസ്ഥരുടെയും സന്തോഷകരമോ ദുഃഖകരമോ ആയ പ്രധാന സംഭവങ്ങളിലെ മനോഭാവങ്ങളും വികാരങ്ങളും പങ്കുവയ്ക്കുന്ന തിലൂടെയാണ് സഹാനുഭൂതി രൂപപ്പെടുന്നത് (ഉടലെടുക്കുന്നത്) അങ്ങനെ അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും നമ്മുടെതായി മാറും. ഒരു കുഞ്ഞിന്റെ ജനനം, രോഗത്തിൽ നിന്നുള്ള സൗഖ്യം, പഠനത്തിലോ ജോലിയിലോ ബിസിനസ്സിലോ ഉള്ള വിജയം, ഒരു യാത്ര കഴിഞ്ഞ് സുരക്ഷിതമായി തിരിച്ച വരുന്നത് തീർച്ചയായും മറ്റ് അവസരങ്ങളും പങ്കുവയ്ക്കുന്ന സന്തോഷങ്ങളിൽ ഉൾപ്പെടുന്നു. മതപരമായ ഒരു വലിയ തിരുന്നാൾ ആഘോഷിക്കുമ്പോൾ വിശ്വാസികൾക്ക് ഒരു പ്രത്യേക സന്തോഷമുണ്ട്. ആ അവസരങ്ങളിൽ നമ്മുടെ സുഹൃത്തുക്കളെയും അയൽക്കാരേയും സന്ദർശിക്കുകയും അഭിനന്ദിക്കുകയും ചെയ്യുമ്പോൾ പ്രസ്തുത ആഘോഷത്തിന്റെ മതപരമായ മാനം നോക്കാതെ അവരുടെ ആഘോഷങ്ങളിൽ സന്തോഷത്തോടെ പങ്കുചേരുന്നു.

ദുഃഖങ്ങൾ പങ്കുവയ്ക്കുകയെന്ന് പറയുമ്പോൾ ഒന്നാമതായി നമ്മളുമായി വളരെ അടുപ്പമുള്ള ഒരാളുടെ മരണം, കുടുംബത്തിലെ ഒരംഗത്തിന്റെ അസുഖം, തൊഴിൽ നഷ്ടം, ബിസിനസ്സിന്റോയെ ഒരു പ്രോജക്റ്റിന്റെയോ പരാജയം കുടുംബശിഥിലീകരണത്തിലേക്ക് നയിക്കുന്ന പ്രതിസന്ധി എന്നിവയിൽ പങ്കുചേരലാണ്. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സമയത്തെക്കാൾ പ്രതസന്ധികളിലും സങ്കടങ്ങളിലും നമ്മുക്ക് നമ്മുടെ സുഹൃത്തുക്കളുടെ സാമീപ്യവും (ഐക്യദാർഢ്യവും) പിന്തുണയും ആവശ്യമാണ്.

പ്രിയ മുസ്ലീം സഹോദരീ സഹോദരന്മാരേ ഞങ്ങളുടെ അയൽ വാസികളുടെയും സുഹൃത്തുക്കളുടെയും സന്തോഷവും ദുഃഖവും പങ്കുവയ്ക്കുന്നത് തുടരും എന്നതാണ് ഞങ്ങളുടെ പ്രതീക്ഷ. കാരണം ദൈവത്തിന്റെ സ്നേഹം എല്ലാ വ്യക്തികളെയും മുഴുവൻ പ്രപഞ്ചത്തെയും ഉൾക്കൊള്ളുന്നു.

മാനവികതയിൽ ഞങ്ങൾ പങ്കുചേരുന്നതിന്റെയും അതിൽ നിന്നും ഉത്ഭവിക്കുന്ന സാഹോദര്യത്തിന്റെ അടയാളപൂർണ്ണവും ഫലദായകവുമായ ഒരു റമ്ദാനും സന്തോഷപ്രദമായ ഈദ്- ഉൾഫിത്തറിന്റെയും ആഘോഷവും ആശംസിക്കുന്നു.

വത്തിക്കാനിൽ നിന്ന്
18 ഫെബ്രുവരി 2022

**ഫ്രാൻസിസ് പാപ്പ**

# മാതൃത്വത്തിന്റെ മഹനീയത

സിസ്റ്റർ ജെനിൻ സി.എസ്.എസ്.ടി

**ഈ**ശ്വരന് എല്ലായിടത്തും എത്താൻ സാധ്യമല്ലാത്തതുകൊണ്ടാണ് അമ്മമാരെ തന്നത് എന്നതാണ് ഒരു യഹൂദ പഴമൊഴി. അമ്മ എന്നത് രണ്ടു അക്ഷരമല്ല അതൊരു ലോകമാണ്, സ്നേഹവും സഹനവും ക്ഷമയുമൊക്കെ പഠിപ്പിക്കുന്ന വലിയൊരു ലോകം. സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രതീകമായ, അമ്മമാർക്ക് വേണ്ടിയാണ് അന്താരാഷ്ട്ര മാതൃദിനം, ലോകം ആഘോഷിക്കുന്നത്. മേയ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് മാതൃദിനമായി ആചരിക്കുന്നത്. അമേരിക്കയിലാണ് മാതൃദിനത്തിന്റെ തുടക്കം. പുരാതന ഗ്രീസ് ജനതയാണ് ഈ ആഘോഷം തുടങ്ങിവെച്ചതെന്നും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇത് കൈമാറിയതാണെന്നും പറയപ്പെടുന്നു. വിലമതിക്കാനാകാത്ത മാതൃസ്നേഹത്തിനും കരുതലിനും ആദരം പകരാൻ ലോകം ഈ ദിനത്തിൽ ഒന്നിച്ച് ചേരുന്നു. അമ്മമാർ കുടുംബത്തിനായി നൽകുന്ന ത്യാഗങ്ങളെ ഓർമ്മിക്കുക കൂടിയാണ് ഈ ദിനം.

ദൈവത്തിൽ നിന്ന് നമുക്ക് ലഭിച്ച ഏറ്റവും വലിയ സമ്മാനമാണ് അമ്മ. നിരുപാധികമായ സ്നേഹത്തിന്റെ പര്യായം ഏതൊരാളെയും അവന്റെ/ അവളുടെ വേരുകളുമായി ബന്ധിക്കുന്ന വാക്കാണ് 'അമ്മ എന്നത്. പത്തുമാസത്തെ കാത്തിരിപ്പിനൊടുവി ൽ കരഞ്ഞുവിളിച്ചു കൊണ്ട് ഈ ഭൂമിയിലേക്ക് പിറന്നു വീണപ്പോൾ മനസ്സു നിറഞ്ഞ് ചിരിച്ച് സ്വീകരിച്ച മുഖമായിരുന്നു അമ്മ. പിന്നെ പൊന്നു പോലെ നോക്കി, വളർത്തി വലുതാക്കി. നമ്മൾ അമ്മമാർക്കായി എന്ത് ചെയ്താലും അമ്മമാർ നമ്മൾക്കായി അനുഭവിച്ച ത്യാഗങ്ങൾ വച്ച് തട്ടിച്ചുനോക്കുമ്പോൾ അതൊന്നും ഒന്നുമല്ല. അമ്മമാർ തങ്ങളുടെ കുട്ടികളുടെ കൈകൾ കുറച്ച് നേരത്തേക്ക് പിടിക്കുന്നു, എന്നാൽ അവരുടെ ഹൃദയം മക്കളെ എപ്പോഴും പിന്തുടരുന്നു.'

മാക്സിം ഗോർക്കി പറയുന്നു 'ഭാവിയെക്കുറിച്ച് ചിന്തിക്കാൻ അമ്മമാർക്ക് മാത്രമേ സാധിക്കൂ. കാരണം, അതിന് തന്റെ കുട്ടികളിലൂടെ ജന്മം നല്കുന്നത് അവരാണ്.' മക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നതിനായി അമ്മമാർ ഒഴിവു സമയവും, സുഹൃത്തുക്കളും പരിചയക്കാരുമായി സമയം ചെലവഴിക്കുന്നതും എല്ലാം വേണ്ടെന്നു വെയ്ക്കുന്നു. വിസ്തരിച്ചൊന്നു കുളിക്കാനോ ഭക്ഷണം മെല്ലെ ആസ്വദിച്ചു കഴിക്കാനോ ഒന്നും അവർക്കു നേരമില്ല. നമ്മളെ നമ്മളാക്കിയവർക്ക് സ്നേഹം മാത്രം സമ്മാനിക്കുക എന്ന ഓർമപ്പെടുത്തലുമായാണ് ഈ മാതൃദിനവും കടന്നു വന്നിരിക്കുന്നത്.

മക്കളുടെ നന്മയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനകളാണ് അവരുടെ ഹൃദയസ്പന്ദനങ്ങൾ. കുട്ടി തന്റെ ഗർഭത്തില് ആയിരിക്കുന്ന സമയത്ത് കുട്ടി

ക്കുവേണ്ടി അമ്മയുടെ ത്യാഗവും പ്രാർത്ഥനയും ആരംഭിക്കുന്നു. കുഞ്ഞിനെ ജീവനോടെ കിട്ടാനും കേടുപാടുകളും രോഗങ്ങളും വൈകല്യങ്ങളും ഉണ്ടാകാതിരിക്കാനും, കുഞ്ഞിന് രോഗം വന്നാലും രോഗം വരാതിരിക്കാനും. കുഞ്ഞ് പരീക്ഷയിൽ നല്ല മാർക്ക് വാങ്ങാനും മക്കളുടെ വിവാഹം വൈകിയാലും, കെട്ടിച്ചുവിട്ട മകളുടെ വീട്ടിൽ സമാധാനമില്ലാത്ത അവസ്ഥ ആയാലും, മകനോ മകൾക്കോ മക്കൾ ഉണ്ടാകാൻ താമസിച്ചാലും മക്കൾ വഴിതെറ്റി പോകാതിരിക്കാനും വഴിതെറ്റിപ്പോയാൽ അവർ മാനസാന്തരപ്പെടുവാനും ചങ്കുപൊട്ടി, ഉപവസിച്ച്, നൊവേന ചൊല്ലി പ്രാർഥിക്കുന്നത് അമ്മയാണ്.

അമ്മമാരുടെ റോളിനെ കൂടുതൽ സങ്കീർണമാക്കിത്തീർക്കുന്ന ഒരു പ്രധാന സംഗതി,കുടുംബ ഉത്തരവാദിത്വങ്ങൾ വഹിക്കുന്നതോടൊപ്പം കുടുംബത്തിനു സാമ്പത്തിക പിന്തുണ നൽകാനായി പലപ്പോഴും അവർക്ക് തൊഴിലിന്റെ ഉത്തരവാദിത്വങ്ങൾക്കൂടെ ഏറ്റെടുക്കേണ്ടി വരുന്നു എന്നതാണ്. ഈ അമ്മമാരിൽ പലരും വീടിനു പുറത്തു ജോലിക്കു പോകുന്നത് അവർക്ക് അത് ഇഷ്ടമായതുകൊണ്ടല്ല, മറിച്ച് വേറെ നിർവാഹം ഇല്ലാത്തതുകൊണ്ടാണ് ഒരു ദിവസത്തെ ജോലി കഴിഞ്ഞ് അവശയായി വീട്ടിൽ എത്തുന്ന അമ്മയ്ക്ക് ഒന്നു നടുനിവർക്കാൻ പോലും സമയം കിട്ടിയെന്നു വരില്ല. കാരണം അവർക്കു പതിവു വീട്ടുജോലികൾ ചെയ്തു തീർക്കാനുണ്ടായിരിക്കും. അമ്മമാർ ഉദ്യോഗസ്ഥരാണെങ്കിലും അല്ലെങ്കിലും വീടിന്റെയും കുട്ടികളുടെയും പരിപാലനത്തിന്റെ മുഖ്യ ഉത്തരവാദിത്വം ഇന്നും അവരുടെ ചുമലിൽത്തന്നെയാണ്.

മാതൃത്വത്തിന് എന്തിനാണ് ഒരു ദിനം എന്ന് ചോദിച്ചേക്കാം. എന്നാൽ വർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ ആര് നോക്കുമെന്ന് തർക്കിച്ച് ഒടുവിൽ വൃദ്ധസദനത്തിലാക്കുന്ന മക്കളുള്ള ഇന്നത്തെ കാലത്ത് മാതൃദിനത്തിന് പ്രസക്തിയുണ്ട്. പ്രിയപ്പെട്ട മക്കളെ കാത്ത് വൃദ്ധസദനങ്ങളിൽ കാത്തിരിക്കുന്ന അമ്മമാർ മക്കൾ ഉപേക്ഷിച്ചപ്പോൾ ആശുപത്രി വരാന്തകളിൽ അഭയം തേടിയവർ തെരുവുകളിലേക്ക് വലിച്ചെറിയപ്പെട്ട മാതൃത്വങ്ങൾ. ചൂടും ചൂരുമുള്ളപ്പോൾ പ്രിയപ്പെട്ടവരെ സ്നേഹിക്കണം. വേർപെട്ടുപോയവരെ ഓർമ്മകളിൽ മാത്രം കണ്ണ് നനഞ്ഞ്കെട്ടിപുണരുന്ന എത്രയോ മനുഷ്യരുണ്ട്. മാതൃദിനം ഒരിക്കൽകൂടി കടന്നുവരുമ്പോൾ നമുക്കൊരു പ്രതിജ്ഞ എടുക്കാം. ഒരു അമ്മയുടെയും കണ്ണ് നിറയാൻ ഇടയാക്കില്ല എന്ന്.

പുതിയ കാലത്തിലെ കാഴ്ചകൾ പലതുംഅത്ര ശുഭകരമല്ല.മേൽ പ്രസ്താവിച്ച മാതൃസങ്കല്പങ്ങൾക്കു ചിലപ്പോഴൊക്കെ മങ്ങലേൽപ്പിക്കുന്ന വാർത്തകളും സംഭവങ്ങളും നമ്മെ വേദനിപ്പിക്കാറുണ്ട് കാമുകന്റെ കൂടെ പോകാൻ മക്കളെ കൊല്ലുന്ന അമ്മമാർ. മക്കളോടൊത്തു സമയം ചിലവഴിക്കാനില്ലാതെ ജോലിയുടെയും സമ്പത്തിന്റെയും പിന്നാലെ പായുന്നവർ. മാതൃത്വത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ താല്പര്യമില്ലാതെ ഭ്രൂണഹത്യ ചെയ്യുന്നവർ. മക്കൾക്ക് ദുർമാതൃകയായിത്തീരുന്ന സ്ത്രീകൾ. മാതൃത്വത്തിന്റെ മഹനീയതയെ ആഘോഷിക്കുന്ന മാതൃദി

നം ആധുനിക അമ്മമാർക്കു സ്വയം വിലയിരുത്തുന്നതിനും ഉള്ള ഒരവസരമാകണം. കുറേകൂടി ആഴമുള്ള വിശ്വാസവും പ്രാർത്ഥനയും ത്യാഗവും അല്പംകൂടി സ്നേഹവും ,വിധേയത്വവും ഒക്കെ നമ്മുടെ കുടുംബങ്ങളെയും മക്കളെയും കൂടുതൽ അനുഗ്രഹ ദായകങ്ങളാക്കും ആ അനുഗ്രഹം രോഗശാന്തിയായി, ദീർഘായുസായി, നല്ല സ്വഭാവമായി, ജീവിത വിജയമായി, ദൈവവിശ്വാസവും ദൈവസ്നേഹവുമായി ആ മക്കളിലും കുടുംബങ്ങളിലും നിറയും.

നമ്മുടെ തൊട്ടരികിൽ, നമ്മുടെ ഓർമ്മകളിൽ അമ്മമാരുള്ളിടത്തോളം ത്യാഗത്തിന്റേയും ആത്മവീര്യത്തിന്റേയും ഉദാത്ത മാതൃകകൾ തിരഞ്ഞ് മറ്റെങ്ങും പോകേണ്ടതില്ല. അതാണല്ലോ നമ്മുടെ അനുഭവം ആ അനുഭവം ഈ ഭൂമിയിൽ ജനിക്കുന്ന ഓരോ കുഞ്ഞിനും ഉണ്ടാകട്ടെ. ഈ മാതൃദിനത്തിൽ നന്ദിപൂർവ്വം അമ്മ മാരെ സ്മരിക്കാം. സമാനതകളില്ലാത്ത അതിർവരമ്പുകളില്ലാത്ത അമൂല്യമായ സ്നേഹമാണ് അമ്മയുടേത് ആ സ്നേഹത്തിനു കിടപിടിക്കാൻ മറ്റു സ്നേഹബന്ധങ്ങളൊന്നും ഈ ഭൂമിയിലില്ല. കേവലം വർഷത്തിൽ ഒരു ദിവസം മാത്രം ഓർമ്മിക്കപ്പെടേണ്ടതല്ല. മറിച്ച് ജീവിതകാലംമുഴുവൻ ആഘോഷിക്കപ്പെടേണ്ടതാണ് മാതൃദിനം എന്ന ബോദ്ധ്യത്തിലേക്കു നമ്മെ ഉയർത്താം മാതൃത്വത്തിന്റെ മൂർത്ത ഭാവങ്ങളായ ത്യാഗവും കാരുണ്യവും ധീരതയും നമുക്ക് ചേർത്തു പിടിക്കാം

ഒരായുസ്സിന്റെ ജീവിതം മുഴുവനും ദൈവത്തിനായി നൽകി പരിശുദ്ധിയിൽ, സമർപ്പണത്തിൽ, വിശ്വാസത്തിൽ, സഹനത്തിൽ, എളിമയിൽ, പ്രാർത്ഥനയിൽ, ദാരിദ്ര്യത്തിൽ, തിരുകുടുംബത്തെ ദൈവഹിതം നിറവേറ്റാനൊരുക്കിയ പരിശുദ്ധ അമ്മ എല്ലാ അമ്മമാരെയും അനുഗ്രഹിക്കട്ടെ.

## പരേതരെ സ്മരിക്കാം – മെയ്

| | | |
|---|---|---|
| 02 | (2013) | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| 03 | (2020) | ഫാ. ജേക്കബ് പുതുപ്പറമ്പിൽ |
| 05 | (1933) | ആർച്ച് ബിഷപ്പ് ബെർണാഡ് ഒ. സി. ഡി. |
| 07 | (1995) | ഫാ. ഏഞ്ചൽമേരി ഒ. സി. ഡി. |
| 07 | (1999) | ഫാ. ജോൺ പള്ളത്ത് ഒ. സി. ഡി. |
| 07 | (2010) | ഫാ. ജെയിംസ് പൊടിമറ്റം |
| 10 | (2008) | ഫാ. മാത്യു ചെമ്മരപ്പള്ളി സി. എഫ്. ഐ. സി. |
| 18 | (2007) | ഫാ. ഫിലിപ്പ് മണപ്പുറത്ത് സി. എഫ്. ഐ. സി. |
| 25 | (1967) | ഫാ. എവുസേബിയൂസ് ഒ. സി. ഡി. |
| 26 | (1985) | ഫാ. അർക്കേഞ്ചൽ ഒ. സി. ഡി. |
| 29 | (2004) | ഫാ. സേവ്യർ പള്ളത്തുപറമ്പിൽ |

# വിശ്വാസം പരീക്ഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിനു ഒരു മാർഗ്ഗദീപം വാഴ്ത്തപ്പെട്ട ദേവസഹായം

ബ്ര. വർഗീസ് ജോസഫ് നടുപ്പറമ്പിൽ

ഭാരത മണ്ണിൽ ഒരു വിശുദ്ധൻകൂടി പിറക്കുകയാണ്. 2022 മെയ്മാസം 15–ാം തീയതി പരിശുദ്ധ ഫ്രാൻസിസ് പാപ്പ ഭാരതത്തിന്റെ പ്രഥരക്തസാക്ഷിയായ ദേവസഹായത്തെ വാഴ്ത്തപ്പെട്ടവൻ എന്ന പദവിയിൽ നിന്നു വിരുദ്ധനായി ഉയർത്തുന്നു. എന്താണ് വിശുദ്ധി? അഥവാ ആരാണ് വിശുദ്ധർ? 'ആനന്ദിച്ചു ആഹ്ലാദിക്കുവിൻ' എന്ന അപ്പോസ്തോലിക ആഹ്വാനത്തിൽ പരിശുദ്ധ ഫ്രാൻസിസ് പാപ്പ പറയുന്നു വിശുദ്ധിയാണ് തിരുസഭയുടെ അകർഷമായ മുഖം. വിശുദ്ധി എന്നത് കർത്താവിൽ രൂപാന്തരപ്പെടുന്നതിനുള്ള വിട്ടു കൊടുക്കലാണ്. ഈ വിശുദ്ധി ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരാണ് വിശുദ്ധർ.

1712 ഏപ്രിൽ മാസം 23–ാം തീയതി മരുതകുളങ്ങര കുടുംബത്തിൽ വസുദേവൻ നമ്പൂതിരിയുടെയും ദേവകിയമ്മയുടെയും മകനായി നീലകണ്ഠൻ പിള്ള ജനിച്ചു. ഉന്നത വിദ്യാഭ്യാസം തന്നെ നീലകണ്ഠനു ബാല്യത്തിൽ ലഭിച്ചു. സംസ്കൃതം, തമിഴ്, മലയാളം എന്നി ഭാഷകളിൽ അസാമാന്യ പാണ്ഡിത്യവും, തർക്കം, വേദാന്തം, വ്യാഹരണം, ആയുധാഭ്യാസം എന്നിവയിലും സമർത്ഥൻ. നീലകണ്ഠനിലെ കഴിവുകൾ തിരിച്ചറിഞ്ഞ മാർത്താണ്ഡവർമ്മ മഹാരാജാവ് നീലകണ്ഠന് പത്മനാഭപുരം നീലകണ്ഠ സ്വാമി കോവിലിലെ കാര്യസ്ഥനും പത്മനാഭപുരം കോട്ട നിർമ്മാണത്തിന്റെ ചുമതലക്കാരനുമായി നിയമിച്ചു. എല്ലാ സുഖസൗകര്യങ്ങളോടുംകൂടി ജീവിച്ചുവരുമ്പോഴാണ് എല്ലാ വിശുദ്ധരുടെയും ജീവിതത്തിൽ ഉണ്ടാകുന്നതുപോലെ വിശുദ്ധിയുടെ പാതയിലേക്ക് തിരിയാനുള്ള അനുഭവം ഉണ്ടാകുന്നത്.

നീലകണ്ഠന്റെ കുടുംബത്തിലെ അംഗങ്ങൾക്ക് രോഗം ബാധിച്ചു കിടപ്പിലായി. ധനം, ധാന്യം, കന്നുകലികൾ എന്നിവയൽ അസാമാന്യ നഷ്ടം വന്നു. ഈ സംഭവം നീലകണ്ഠനെ തളർത്തി. തന്റെ ആത്മമിത്രവും 1741– ൽ പ്രശസ്തമായ കുളച്ചിൽ യുദ്ധത്തിൽ തടവിലാക്കപ്പെട്ട ഡച്ച് സൈന്യാധിപനും പിന്നീട് മാർത്താഡവർമ്മ മഹാരാജാവിന്റെ സൈന്യാധിപനുമായിതീർന്ന യൂസേസിയൂസ് ബനഡിക്ട് ഡിലനായിയോട് ദുഃഖം പങ്കുവെച്ചു. തന്റെ ആത്മമിത്രത്തിന്റെ ഉപദേശവും മാതൃകയും നീലകണ്ഠന്റെ ഹൃദയത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള വിത്തുകൾ പാകി. അതുതന്നെയാണു വി.പൗലോസ് അപ്പസ്തോലൻ റോമക്കാർക്ക് എഴുതിയ ലേഖനം 10 –ാം അധ്യായം 17–ാം വചനത്തിലുടെ പറയുന്നത്. ആകയാൽ വിശ്വാസം കേൾവിയിൽ നിന്നു കേൾവി

ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിൽ നിന്നുമാണ് "സീഞ്ഞും മാഗ്നും" അഥവാ 'വലിയ അടയാളം' എന്ന പോൾ 6-ാംമൻ പാപ്പയുടെ അപ്പോസ്തോലിക ലേഖനത്തിലൂടെ പാപ്പ പറയുന്നു. 'യഥാർത്ഥ ഭക്തി' യഥാർത്ഥ വിശ്വാസത്തിൽ നിന്നു തുടങ്ങുന്നു. യഥാർത്ഥവിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ടു തന്നെയാണ് നീലകണ്ഠൻപിള്ള ദേവസഹായംപിള്ളയായതും ബ്രാഹ്മണരെ എതിർത്തതും, രാജാവിന്റെ കഠോരപീഡനങ്ങളായ ചാട്ടവാർ അടിയിൽ മുറിയപ്പെടുന്ന ശരീരത്തിൽ മുളകു അരച്ചുതേച്ചു വെയിലത്ത് നിർത്തിയപ്പോഴും, അസഹ്യമായ വേദനകൊണ്ട് ആഹാരമില്ലാതെ വെയിലത്ത് നീണ്ടയാത്ര നടത്തിയപ്പോഴും എരുമപ്പുറത്ത് കയറ്റി അപമാനിച്ചപ്പോഴും ദേവസഹായത്തിനു ശക്തി നല്കിയതു ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസമാണ്. വിശ്വാസം ഒരു വ്യക്തിയിൽ തോന്നുന്ന ആഴമായ സ്നേഹമാണ്. വി. പൗലോസ് അപ്പോസ്തോലൻ ചോദിക്കുന്നത് (റോമ: 8:35) ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു ആരുനമ്മെ വേർപെടുത്തും. ക്ലേശമോ, ദുരിതമോ, പീഡനമോ, പട്ടിണിയോ, നഗ്നതയോ, വാളോ ? ആ സ്നേഹത്തിലുള്ള ആഴമാർന്ന വിശ്വാസം കൊണ്ടുതന്നെയാണ് ദേവസഹായത്തിന്റെ 40-ാം പിറന്നാൾ ദിവസം തന്റെ ദൈവത്തിനു രക്തപുഷ്പമായ രക്തസാക്ഷ്യത്വം സമർപ്പിച്ചത്.

വിശ്വാസം പരിക്ഷിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ സഹനങ്ങൾ ഉണ്ടാകുമ്പോൾ ദൈവത്തോട് മറുതലിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവത്തിൽ പ്രത്യാശ നഷ്ടപ്പെട്ട് ദൈവം ജീവിതത്തിൽ ഇടപെടുന്നില്ല എന്ന തോന്നലുകൾ ഉണ്ടാകുന്ന ഈ കാലഘട്ടത്തിൽ വി. ദേവസഹായം നമുക്ക് മാതൃകയാണ്. അനുദിന ജീവിതത്തിൽ ഉണ്ടാകുന്ന. ഏതു സഹനത്തിലും ഏതു പ്രതിസന്ധിയിലും ഏതു പ്രലോഭനത്തിലും, ഏതു ബുദ്ധിമുട്ടുകളിലും, ഏതു കഷ്ടപ്പാടുകളിലും, ഏതു വേദനയിലും ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസത്തിൽ ഉറച്ചു നിൽക്കുക. നമ്മുടെ ജീവിതങ്ങളിലും നാം നേരിടുന്ന ഏതു പ്രതിസന്ധിയിലും ദേവസഹായത്തെപ്പോലെ ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് ഉറച്ചുനിൽക്കുവാൻ നമുക്കു സാധിക്കണം.

"പുരോഹിതരുടെ അന്തസും കർത്ത്യവ്യങ്ങളും" എന്ന പുസ്തകത്തിലൂടെ വി. അൽഫോൺസ് ലിഗോരി പറയുന്നത് ഇപ്രകാരമാണ്. 'സ്വർഗ്ഗീയ ജറുസലേം രചിക്കുവാനുള്ള ജീവനുള്ള ശിലകളാണ് വിശുദ്ധർ'. ഓരോ വിശുദ്ധനും ഓരോ മാതൃകയാണ് മറ്റൊരു വിശുദ്ധനാകുവാൻ. ഭാരതമണ്ണിൽ നിന്നു വിശുദ്ധർ ഉണ്ടാകുവാൻ, കേരളത്തിൽ നിന്നു വിശുദ്ധർ ഉണ്ടാകുവാൻ, നമ്മുടെ രൂപതയിൽ നിന്നു വിശുദ്ധർ ഉണ്ടാകുവാൻ, നമ്മുടെ കുടുംബങ്ങളിൽ നിന്നു വിശുദ്ധർ ഉണ്ടാകുവാൻ, നമ്മിൽ നിന്നു വിശുദ്ധനും വിശുദ്ധയും ഉണ്ടാകുവാൻ. അതു തന്നെയാണ് ഫ്രാൻസിസ് പാപ്പ പറയുന്നത് ലോകത്തിനു ഇനിയും വിശുദ്ധരെ വേണം. ജീൻസ് ഇടുന്ന, ഡേറ്റാ ഉപയോഗിക്കുന്ന, ഗിറ്റാർ

വായിക്കുന്ന, ഡാൻസ് കളിക്കുന്ന വിശുദ്ധരെ ആവശ്യമുണ്ട്. വി. ഇഗ്നേഷ്യസ് ലയോള പറയുന്നത് നമുക്ക് ഓർക്കാം. അവനും അവൾക്കും ഒരു വിശുദ്ധനും വിശുദ്ധയുമാകാമെങ്കിൽ എന്തുകൊണ്ട് എനിക്കും ആയിക്കൂടാ. നമ്മുക്ക് നമ്മോട് ചോദിക്കാം എന്തുകൊണ്ട് നമുക്കും.

"നാം സഹോദരർ" എന്ന ചാക്രികലേഖനത്തിലൂടെ പരിശുദ്ധ ഫ്രാൻസിസ് പാപ്പ പറയുന്നു. 'പുറമേ കാണപ്പെടുന്ന എന്താണെങ്കിലും തന്നെയും ഓരോ വ്യക്തിയും വലിയ വിശുദ്ധനാണ്.' പരിശുദ്ധ ബെനഡിക്റ്റ് 16-ാമൻ പാപ്പയോടു ഒരു പത്രാധിപൻ ചോദിച്ചു ക്രിസ്തുവിലേക്ക് എത്രവഴികൾ? പാപ്പയുടെ മറുപടി. എത്രകോടി ജനങ്ങൾ ഉണ്ടോ അത്രയും കോടി വഴികൾ. ഒരു വിശുദ്ധ വഴിയാകുവാൻ, ഒരു വിശുദ്ധനാകുവാൻ നമുക്കു പരിശ്രമിക്കാം. ●

## ബ്രില്ല്യന്റ് മീറ്റ്




കോട്ടയം: വിജയപുരം രൂപതാ വിദ്യാഭ്യാസ ശുശ്രൂഷയുടെ ഭാഗമായി 'വിജയപുരം ബ്രില്ല്യന്റ് മീറ്റ്' സംഘടിപ്പിച്ചു. രൂപതാ മക്കൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് 'വിജയപുരം ബ്രില്ല്യന്റ് മീറ്റ്'. പാലാ ബ്രില്ല്യന്റ് അക്കാദമിയുമായി സഹകരിച്ചാണ് പരിശീലനം സംഘടിപ്പിക്കുന്നത്. 2021-22 ബാച്ചിലേക്കുള്ള 40 കുട്ടികളിൽ 32 കുട്ടികൾ ഈ മീറ്റിംഗിൽ പങ്കെടുത്തു. 2022 ഏപ്രിൽ 7 ന് കോട്ടയം മഡോണ കോളേജിൽ ആരംഭിച്ച സമ്മേളനം വിജയപുരം വിദ്യാഭ്യാസ ശുശ്രൂഷ കോർഡിനേറ്റർ റവ. ഫാദർ ആന്റണി പാട്ടപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഹോളി ഫാമിലി ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ ശ്രീ. ആൽഫ്രെഡ്. എം, പാലാ ബ്രില്ല്യന്റ് അക്കാദമി പ്രൊഫസർ ശ്രീ.സന്തോഷ് എന്നിവർ ക്ലാസുകൾ നയിച്ചു. സിസ്റ്റർ മിനി, കുമാരി സാനിയ പി. കുര്യൻ എന്നിവർ സമ്മേളനത്തിന് നേതൃത്വം വഹിച്ചു.

# വൈദികജീവിതം: പ്രസക്തമാകേണ്ട ഇന്നിന്റെ ജീവിതം

ഫാ. മാത്യു ഒഴത്തിൽ

**നി**ശബ്ദമായി ചിന്തിച്ച് സ്വയം ത്യാഗത്തിന് അർപ്പിക്കുന്നുവെങ്കിൽ വിജയകരമായിത്തീരുന്ന നിർണ്ണായക നിമിഷങ്ങൾ എല്ലാവരുടെയും ജീവിതത്തിലുണ്ട്. എന്നാൽ നിശബ്ദതയിൽ വന്നു നിറയുന്ന ദൈവാത്മാവിന്റെ വരദാനങ്ങളാൽ അഭിഷേകം ചെയ്യപ്പെട്ട്, രക്ഷകനും നാഥനുമായ കർത്താവായ യേശുക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തിലേക്ക് ത്യാഗപൂർവ്വം സ്വയം സമർപ്പിക്കുന്നുവെങ്കിൽ രക്ഷയായി, അനുഗ്രഹമായിത്തീരുന്ന നിർണ്ണായ ജീവിതങ്ങളുമുണ്ട് സമൂഹത്തിൽ. അവരാണ് സഭയിലെ പുരോഹിതർ. മാംസംധരിച്ച് അവതീർണ്ണനായ, വചനമായ ക്രിസ്തുവിനെ അടുത്തനുഗമിക്കുന്നതും ആ വചനത്തെ മനുഷ്യഹൃദയങ്ങളിലേക്ക് പകർന്നു നൽകുന്നതുമായ വ്യതിരിക്തജീവിതമാണ് പൗരോഹിത്യജീവിതം.

യേശുക്രിസ്തുവിന്റെ രക്ഷാകരദൗത്യം ഇന്നും സഭയിൽ തുടരുന്നതിനായി, വ്രതബദ്ധമായി സമർപ്പണം ചെയ്യുന്ന ഒരുവന്റെ ജീവിതമാണ് പൗരോഹിത്യം. മറ്റുവാക്കിൽ, ദൈവീകശക്തിയും മാനുഷികബലഹീനതയും ഏറ്റവും മനോഹരമായി സമ്മേളിക്കുന്ന സുന്ദരജീവിതചര്യയാണീ ജീവിതം. പ്രാചീന മെസപ്പൊട്ടോമിയായിലാകട്ടെ, ഉപനിഷത്തുകളുടെ ഭാരതത്തിലാകട്ടെ, ഇന്നിന്റെ ലോകത്തിലാകട്ടെ, മാനവ സംസ്കാരത്തിന്റെ ഒരു നിത്യഘടകമായിരുന്നു പൗരോഹിത്യമെന്ന് നമുക്ക് കാണുവാൻ കഴിയും.

എല്ലാക്കാലത്തെപ്പോലെ ഇന്നും ദൈവവിളിക്കു വലിയ പ്രസക്തിയുണ്ട്. എന്നാൽ ഇതിന്റെ ശ്രേഷ്ഠതയും മനോഹാരികയും കുറയുന്നുവോ എന്ന ചോദ്യവും സംശയവും പലയിടത്തുനിന്നും ഉയരുന്നുണ്ട്. പൗരോഹിത്യ-സന്യാസ ദൈവവിളികൾ ഇന്ന് കുറഞ്ഞിരിക്കുന്നത് നാമെല്ലാവരും ഗൗരവമായി തിരിച്ചറിയണം. സന്യാസ-പൗരോഹിത്യ ജീവിതങ്ങൾ ഇന്ന് വല്ലാതെ ചർച്ചചെയ്യപ്പെടുന്നു. പലതും നമ്മൾ വേദനാപൂർവ്വം കേൾക്കേണ്ടിവരുന്നു. വിമർശിക്കുന്ന ആളുകളുടെ എണ്ണം കൂടുതലാവുന്നു. സമർപ്പിതജീവിതങ്ങൾ പ്രയാസങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും കടന്നുപോകുന്ന ഒരു കാലയളവാണിത്. ഇതിനിടയിൽ നല്ലചിന്തകളും മനോഭാവങ്ങളും രൂപപ്പെടുത്താൻ ഓരോ വിശ്വാസിക്കും കഴിയണം. പ്രത്യേകിച്ചും പൗരോഹിത്യത്തെ കാത്തുസൂക്ഷിക്കാനും പൗരോഹിത്യ ദൈവവിളികൾ പ്രോത്സാഹിപ്പിക്കാനും കുടുംബത്തിൽ മാതാപിതാക്കളുടെ വിശുദ്ധിയാർന്ന ജീവിതത്തിൽ ശ്രദ്ധയൂന്നിവേണം നഷ്ടപ്പെട്ട സമർപ്പണജീവിതത്തിന്റെ വിശുദ്ധിയും മനോഹാരിതയും വീണ്ടെടുക്കാൻ. മാതാപിതാക്കളുടെ വിശ്വാസവും വിശുദ്ധിയും നിറഞ്ഞ ജീവിതങ്ങൾ, മക്കളുടെ ഹൃദയങ്ങളിൽ വലിയ ആവേശമാകുമ്പോഴാണ് തനിമയാർന്ന ദൈവവിളിയുടെ വിത്തുകൾ പൊട്ടിമുളക്കുക. കുടുംബങ്ങൾ ദൈവവിളികളുടെ വിളനിലങ്ങളാകാൻ

ദൈവഭക്തിയും പ്രാർത്ഥനയും കൃപയും നിറയുന്ന ഭവനങ്ങളായി അവ രൂപാന്തരപ്പെടണം.

**പൗരോഹിത്യ ദൈവവിളി- ക്രിസ്തുവിനെ മൗലികമായി പിഞ്ചെല്ലാനുള്ള ജീവിതം**

പൗരോഹിത്യ ജീവിതത്തിന്റെ യഥാർത്ഥ ചൈതന്യമാണ്, യേശുവിനോട് 'കൂടെ' ആയിരിക്കുന്നതും, യേശുവിൽ നിന്നും അധികാരം സ്വീകരിച്ച്, അയയ്ക്കപ്പെടുന്നതുമാണ്. മർക്കോസിന്റെ സുവിശേഷം 3-ാം അദ്ധ്യായത്തിൽ, യേശു ശിഷ്യരെ തെരഞ്ഞെടുക്കുന്നിടത്ത് അത് വ്യക്തമാക്കുന്നുണ്ട്.

യേശുവിനോട് കൂടെ ആയിരിക്കുക എന്നാൽ വിളിക്കപ്പെട്ട വ്യക്തിയുടെ ആദ്ധ്യാത്മിക ജീവിതവും, അയക്കപ്പെടുക എന്നത് ആ വ്യക്തിയുടെ അപ്പസ്തോലിക ശുശ്രൂഷാ മേഖലയുമാണ് അടയാളപ്പെടുത്തുന്നത്. ഈ രണ്ടു തലങ്ങളേയും യേശുവിന്റെ കൂടെയായിരിക്കുക, യേശുവിനാൽ അയയ്ക്കപ്പെടുക. ജീവിതത്തിൽ ഒരുപോലെ ഇഴചേർത്തെടുക്കുവാൻ ഒരു വൈദികന് സാധിക്കുമ്പോൾ മാത്രമാണ് പൗരോഹിത്യദൈവവിളിയുടെ മഹത്വത്തിലേക്ക് ഉയരാനാവുക.

ആദ്യമായും അധികമായും യേശുക്രിസ്തു എന്ന വ്യക്തിയോടു മാത്രമാണ് വിളിക്കപ്പെട്ടവന്റെ പ്രതിബദ്ധത. കാരണം, വിളിച്ചതും തെരഞ്ഞെടുത്തതും കർത്താവാണ്. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല. ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ: 15:16) നിത്യപുരോഹിതനായ യേശുവിനെ അടുത്തനുഗമിക്കുന്നതാണ് ദൈവവിളി സ്വീകരിക്കുന്നയാളുടെ കടമ. പിന്നീടത് വിശാലമായ അർത്ഥത്തിൽ ദൈവജനത്തിൽ സന്നിഹതനാവുന്ന യേശുവിനെ ശുശ്രൂഷിക്കുന്ന ജീവിത രീതികളിൽ നിറയുന്നു.

മൗലികമായി ക്രിസ്തുവിനെ അനുഗമിക്കുവാനും അനുകരിക്കുവാനും അതുവഴി 'ക്രിസ്തുസത്ത' കൊണ്ട് നിറഞ്ഞ് സുവിശേഷത്തിലെ ക്രിസ്തുവിനെ ജനഹൃദയങ്ങളിലേക്ക് പകർന്നു നൽകാനുമുള്ളതാണ് ഓരോ വിളിയും. പ്രത്യേകിച്ച് പൗരോഹിത്യം ക്രിസ്തുവാകുന്ന സത്തകൊണ്ട് നിറയുമ്പോൾ മാത്രമാണ്, പണം പ്രതാപം, കുടുംബമഹിമ, അധികാരം എന്നിവയുടേതായ പ്രത്യേക വലയങ്ങൾ ആവശ്യമില്ലാതെ വരിക. പിറന്നുവീണ ദേശവും സ്വന്തമായ ഭവനവും ബന്ധുജനങ്ങളും വിട്ടുപേക്ഷിച്ച് ഇറങ്ങി വരാൻ അബ്രഹാമിനോട് ദൈവം പറഞ്ഞതിന്റെ പൊരുളും മറ്റൊന്നല്ല. എല്ലാം ഉപേക്ഷിക്കുമ്പോൾ ദൈവം കൂടെയാകും. അവിടുന്ന് അനുഗ്രഹിക്കും. കർത്താവ് അനുഗ്രഹിക്കുന്നത് അനുഗ്രഹത്തിന്റെ കൂദാശയാകാനാണ്. അനുഗ്രഹത്തിന്റെ നിമിത്തമാകാനാണ്. അപ്പസ്തോലന്മാരുടെയും വിശുദ്ധരുടെയും ജീവിതങ്ങൾ ഇങ്ങനെയായിരുന്നു. ക്രിസ്തുവാകുന്ന സത്തകൊണ്ട് നിറഞ്ഞ പത്രോസും യോഹന്നാനും, സുന്ദര കവാടത്തിൽ ഇരുന്ന് കൈനീട്ടിയ മുടന്തന് കൊടുത്തത്. സ്വർണ്ണമോ വെള്ളിയോ അല്ല നസ്രായനായ യേശുവിനെയാണ് യേശുവിന്റെ നാമത്തിൽ സൗഖ്യമാണ്. അവർ അനുഗ്രഹത്തിന്റെ നിമിത്തങ്ങളായി മാറി.

പൂർണ്ണമായി യേശുവിന് ശിഷ്യപ്പെടുമ്പോൾ പൗരോഹിത്യവിളിയിൽ ലഭിക്കുന്ന

അധികാരം ശുശ്രൂഷിക്കുള്ള അധികാരമാണ്. അടിച്ചമർത്താനുള്ളതല്ല. നയിക്കുവാനും വിശുദ്ധികരിക്കുവാനും പഠിപ്പിക്കുവാനുള്ളതാണ്. ആരേയും നശിപ്പിക്കാനോ ആട്ടിപ്പുറത്താക്കാനോ ഉള്ളതല്ല. യേശുവാകുന്ന വഴിയിലൂടെ മാത്രം സഞ്ചരിച്ച് യേശുവെന്ന സത്യത്തെ മാത്രം അനുകരിച്ച്, യേശുവാകുന്ന നിത്യജീവനിലേക്ക് കുതിച്ചുയരാൻ ഒരുവനെ പ്രാപ്തനാക്കുന്ന സവിശേഷവിളിയാണ് പൗരോഹിത്യം.

**പൗരോഹിത്യദൈവവിളി-**
**ആത്മാവിന്റെ പ്രവർത്തനങ്ങളിൽ നിറയുന്ന ജീവിതം**

ഒരു വ്യക്തിയുടെ ഹൃദയത്തിൽ അനുഭവപ്പെടുന്ന ദൈവിക ചലനങ്ങളാണ് പൗരോഹിത്യവിളിയുടെ തുടക്കം. തടുക്കാനും ഒതുക്കാനുമാവാതെ ഒരു വ്യക്തിയുടെ ഹൃദയത്തിൽ തുടിച്ചുയരുന്ന ഒരു ദൈവിക പ്രചോദനമാണിത്. രൂപരഹിതമായ പ്രപഞ്ചത്തിന്മേൽ ദൈവത്തിന്റെ അരൂപി അടയിരുന്നപ്പോൾ പ്രപഞ്ചത്തിന് രൂപവും താളവും വെളിച്ചവും കിട്ടയതുപോലെയാണിത്. ദൈവം തന്റെ അരൂപിയെ ഒരുവനിലേക്ക് അയയ്ക്കുമ്പോൾ ആ വ്യക്തി തന്റെ സ്വതന്ത്ര്യം വിനിയോഗിച്ച് ആ വിളിയോട് പ്രത്യുത്തരിക്കുന്നിടത്താണ് പൗരോഹിത്യ ജീവിതത്തിലേക്ക് ഒരുവൻ ഇറക്കിനിർത്തപ്പെടുന്നത്. മറുവാക്കിൽ, ദൈവിക പ്രചോദനങ്ങളോട് ഒരുവ്യക്തിക്കുണ്ടാകുന്ന ഉൾക്കടമായ താല്പര്യവും അഭിനിവേശവും, ഒപ്പം, അത് സ്വന്തമാക്കാനുള്ള തീക്ഷ്ണമായ പ്രയത്നവും കൂടിച്ചേരുമ്പോഴാണ് വിളി വെളിപ്പെട്ട് കിട്ടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായിട്ടാണ് ഇവ്വിധത്തിലുള്ള ആത്മീയവചനങ്ങൾ മനുഷ്യഹൃദയങ്ങളിൽ സംഭവിക്കുന്നത്.

കേവലം ഒരു ബലിയർപ്പകൻ മാത്രമല്ല വൈദികൻ. ദൈവവചനം ഫലദായകമായി പ്രഖ്യാപിക്കുന്നവനും കൗദാശികമായി അതു പരികർമ്മം ചെയ്യുവാനും ക്രിസ്തീയ സമൂഹത്തിന് രൂപം കൊടുത്ത് അജപാലന ധർമ്മം നിർവ്വഹിക്കുന്നവനുമാണ് വൈദികൻ. തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ ദൈവജനത്തെ ക്രിസ്തുവിന്റെ കുരിശുമരണവുമായി ഒന്നിപ്പിക്കുകയും അവിടുത്തെ തിരുരക്തത്താൽ കഴുകപ്പെടാൻ ഇടവരുത്തുകയും അവിടുത്തെ വചനത്താൽ ബലപ്പെടുത്തുകയും ചെയ്യുന്നു. ഇതെല്ലാം സംജാതമാകുന്നത് കർത്താവിന്റെ പരിശുദ്ധാത്മാവ് വഴിയാണ്. ദൈവാത്മാവിന്റെ പ്രചോദനത്താൽ ഉറപ്പാക്കപ്പെടുന്ന പൗരോഹിത്യവിളി, പിന്നീടത്, പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽ നിറയുന്ന ശുശ്രൂഷയുടെ ജീവിതവിളിയായി മാറുന്നു.

**പൗരോഹിത്യവിളി-**
**സഭയിലെ ക്രിസ്തുവിന്റെപ്രവാചകദൗത്യത്തിന്റെ തുടർച്ച :**

മൗലികമായ യേശുശിഷ്യത്വത്തിലൂടെ, യേശു കാണിച്ചുതന്ന പ്രവാചകതീക്ഷ്ണതയുടെ പ്രതീകമായി ജനമദ്ധ്യത്തിൽ ഒരു പ്രതിസംസ്കൃതിയുടെ മൂല്യങ്ങൾ (സുവിശേഷ മൂല്യങ്ങൾ) ആവിഷ്കരിച്ചെടുക്കേണ്ട പൗരോഹിത്യം. ദ്രുതഗതിയിൽ മാറ്റങ്ങൾക്ക് വിധേയപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നിന്റെ ലോകത്തെ

പ്രവർത്തനോന്മുഖവും ഒപ്പം, കഴിവുറ്റതുമായ വൈദിക നേതൃത്വമാണ് ആവശ്യം. ആ നേതൃത്വമാകട്ടെ സ്നേഹസമന്വിതമായ ശുശ്രൂഷയായിരിക്കണം. ഈ അവബോധത്തിൽ നിലയുറപ്പിക്കുന്ന വൈദികസേവനങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്.

സഭയെ പടുത്തുയർത്താനും, പുനരുദ്ധരിക്കാനും പൗരോഹിത്യശുശ്രൂഷകൾ ഏറെയാവശ്യമായ കാലഘട്ടമാണിത്. സ്വന്തം നേട്ടങ്ങൾക്ക് മുന്നിൽ ഭയവിഹ്വലതയോടെ ജീവിക്കുന്ന ജനം, വൈദികരുടെ പ്രവാചകധീരതയോടെയുള്ള സേവനങ്ങൾക്കായ് കാത്തിരിക്കുന്നു. സ്വന്തം മഹത്വവും ആധിപത്യവും തേടുന്ന ഈ selfy കാലഘട്ടത്തിൽ നിർമലതയോടും തുറവിയോടുംകൂടി ശുശ്രൂഷ ചെയ്യുന്ന പ്രവാചകശബ്ദങ്ങൾക്ക് ഉടമകളായ വൈദികരെയാണ് സമൂഹത്തിനാവശ്യം.

വിദ്യാഭ്യാസ-സാമൂഹിക സേവന രംഗങ്ങളിലേക്ക് ഏറ്റവും ജാഗ്രതയോടെ ഇറങ്ങിച്ചെല്ലേണ്ട കാലമാണിത്. വ്യക്തികളെ ബോധവാന്മാരാക്കുകയും ജീവിതപ്രശ്നങ്ങളെയും സാമൂഹികപ്രശ്നങ്ങളേയും ക്രിസ്തീയമായി നേരിടുന്നതിന് പ്രാപ്തരാക്കാൻ വൈദീകസേസവനങ്ങൾ സഹായകമാവും. വ്യക്തികളുടെ മാഹാത്മ്യം ഒട്ടും ചോരാതെ, സമൂഹം മുഴുവന്റെയും ക്ഷേമം ലക്ഷ്യമാക്കി, ധാർമ്മികമൂല്യങ്ങൾ ബലികഴിക്കാതെ സമൂഹത്തിലെ ധനികരും നിർദ്ധനരും തമ്മിലുള്ള വിടവുനികത്തുന്നതിന് ക്രിയാത്മകമായ നേതൃത്വം നൽകാൻ ഓരോ പുരോഹിതനും സാധിക്കുമ്പോഴാണ് സഭാ ശുശ്രൂഷകൾ ലോകത്തിന് മുമ്പിൽ പ്രകാശമായിത്തീരുക.

ഇന്നലെയുടെതായ ചിന്താധാരകൾ മാത്രം പുലർത്തി നാളത്തെ ലോകത്തെ സൃഷ്ടിക്കാനാവില്ല. ദൈവാലയാങ്കണത്തിൽ മാത്രം നിലയുറപ്പിക്കാതെ മനുഷ്യന്റെ പച്ചയായ ജീവിതരംഗങ്ങളിലേക്ക് ക്രിസ്തുവിന്റെ കരുണയും സ്നേഹവുമായി ഇറങ്ങിച്ചെല്ലാനുള്ള ജീവിതവിളിയാണിത്. അൽമായ പ്രേഷിതരെ വളർത്തുകയും സഭയുടെ പ്രവർത്തനങ്ങളിൽ അത്മായ പങ്കാളിത്തം ഉറപ്പാക്കുകയും വേണം. തൊഴിൽ നിയമങ്ങൾ സംഘടനകൾ, ആധുനിക സാമൂഹിക മാധ്യമങ്ങൾ തുടങ്ങിയ മേഖലകളിൽ ക്രൈസ്തവ സന്ദേശത്തിന്റെ മുദ്രപതിപ്പിക്കുകയും ചെയ്തുകൊണ്ടാവണം പൗരോഹിത്യവിളി സ്വന്തമാക്കിയവരുടെ ആത്മീയ നേതൃത്വം മുന്നേറുവാൻ. ഒടുവിലായി എനിക്കൊരു നല്ല വൈദികനാകണം, എനിക്കൊരു നല്ല സന്യാസിനി/ സന്യാസിയാകണം എന്നു പറയുവാൻ ധൈര്യവും ചുണയുള്ള എത്ര യുവതീ- യുവാക്കളുണ്ട്. ഞങ്ങളുടെ മകനെ ഞങ്ങൾ സെമിനാരിയിൽ അയക്കും. മകളെ കന്യാസ്ത്രീഠത്തിൽ അയക്കും എന്ന് പറയുവാൻ കഴിയുന്ന എത്ര മാതാപിതാക്കളുണ്ടിവിടെ.? യുവജനങ്ങൾക്ക് പ്രചോദനവും മാതൃകയും നൽകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന എത്ര സഭാമക്കൾ മുന്നോട്ടു വരാനുണ്ടിവിടെ?

പൗരോഹിത്യം, സന്യാസം ഇവയുടെ മഹത്വവും വിശുദ്ധിയും കൃപയും ഒരിക്കലും നഷ്ടപ്പെട്ടിട്ടില്ല. കാരണം, അവ പരിശുദ്ധാത്മാവിനാൽ പൂരിതമാണ്. അത് തിരിച്ചറിയാനുള്ള കൃപ നമുക്കെല്ലാവർക്കും ഉണ്ടാകട്ടെ.

# സ്വാന്തനത്തിന്റെ ചിറകുള്ള ക്രിസ്തുവിന്റെ പരിചാരകർ

**സി. മേരി ലിറ്റി DIH**

**മെ**യ് 12 ലോക നഴ്സസ്സ് ദിനമായി ആചരിക്കുകയാണ്. നേഴ്സുമാർ സമൂഹത്തിന് ചെയ്യുന്ന വിലയേറിയ സേവനങ്ങളെ ഓർക്കുന്നദിനം. ആധുനിക നേഴ്സിങ്ങിന്റെ സ്ഥാപകയായ ഫ്ളോറൻസ് നൈറ്റിൻഗേലിന്റെ ജന്മദിനം ആയതുകൊണ്ടാണ് ആ ദിവസം ലോക നഴ്സ് ദിനമായി ആചരിക്കുന്നത്. പ്രകാശത്തിന്റെയും പ്രത്യാശയുടെയും സന്ദേശം പരത്തിക്കൊണ്ട് 1854-ൽ 35 നേഴ്സ്സ്മാരെയും 15 കന്യാസ്ത്രീകളെയുംകൂട്ടി ആ കാലഘട്ടത്തിലെ സാമൂഹിക പ്രവർത്തകയായ നൈറ്റിൻഗേൽ എന്ന മാന്യവനിത കീമിയൻ യുദ്ധത്തിൽ പരിക്കേറ്റ ബ്രിട്ടീഷ് പട്ടാളക്കാരെ ശുശ്രൂഷിച്ച് ആധുനിക നഴ്സിങ്ങ് മേഖലയിൽ വലിയ മാറ്റം വരുത്തുകയുണ്ടായി.

അറിവിന്റെയും ആർദ്രതയുടെയും നിറക്കൂട്ടുകൾചാലിച്ച് വേദനിക്കുന്നവർക്ക് സ്വാന്തനമായി ആശ്വാസമായി ദൈവീകതയുടെയും മനുഷ്യത്വത്തിന്റെയും ആ ചിറകുകൾ വിരിച്ച് ദൈവസ്വാന്തനത്തിന്റെ സൗഖ്യത്തിന്റെ സംവാഹകരാകുയാണ് നേഴ്സുമാർ. ക്രിസ്തുനാഥന്റെ സൗഖ്യദായക ശുശ്രൂഷയിൽ നാം ഉടനീളം കാണുന്നത് രോഗിയായ മനുഷ്യന്റെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും സൗഖ്യമാണ്. രോഗത്തിന്റെ വേദനയിൽ ശരീരവും മനസ്സും ആത്മാവും തളരുന്ന രോഗിക്ക് സ്വാന്തനസ്പർശനത്തിലൂടെയും ആശ്വാസ വാക്കുകളിലൂടെയും, കരുതലുള്ള പരിചരണം നൽകി രോഗിയുടെ ശരീരത്തിനും മനസ്സിനും ആത്മാവിനും നേഴ്സ്സുമാർ ഉണർവ് നൽകുന്നു.

ആതുര ശുശ്രൂഷ രംഗത്ത് നേഴ്സ്സുമാർ തങ്ങളെ ഏല്പിച്ചിരിക്കുന്ന രോഗികളുടെ ജാതിയോ, മതമോ, നിറമോ, സമ്പത്തോ, വിദ്യാഭ്യാസമോ ഒന്നും നോക്കിയിട്ടല്ലാ, അവർക്ക് പരിചരണം നൽകുന്നത്. പിന്നെയോ മുഖം നോക്കാതെ വർഷിക്കപ്പെടുന്ന ദൈവകാരുണ്യത്തിന്റെ പരിചാരകരായി അവർ നിലകൊള്ളുന്നു. പാപങ്ങളുടെ അമ്മയായ വി. മദർതെരേസ പറയുന്നു, എല്ലാവർക്കും വലിയ കാര്യങ്ങൾ ചെയ്യുവാൻ കഴിയുകയില്ല. പക്ഷെ എല്ലാവർക്കും ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യുവാൻ സാധിക്കും. അതെ രോഗികളായി ആശുപത്രികളിൽ ചികിത്സക്കായി എത്തുന്നവർ നേഴ്സ്സുമാർക്ക് അപരിചിതരും അജ്ഞരുമാണ്. എന്നാൽ അവർ തങ്ങളുടെ ഉത്തരവാദിത്തത്തിൽ ഏല്പിക്കപ്പെടുന്നതോടെ മുമ്പൊരിക്കലും കണ്ടിട്ടുപോലുമില്ലാത്ത രോഗികളെ സ്വന്തം മാതാപിതാക്കളായും സഹോദരി സഹോദരൻമാരായും സ്വീകരിച്ചുകൊണ്ട് അവരുടെ ചെറുതും വലുതുമായ പ്രശ്നങ്ങൾക്ക് സൂഷ്മതയോടെയുള്ള പരിചരണം നൽകി

അവരുടെ ശാരീരികവും മാനസികവുമായ വേദനയിൽ പങ്കുചേരുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുനാഥന്റെ സൗഖ്യശുശ്രൂഷയിൽ അതീവ സ്നേഹത്തോടെ പങ്കുചേരാൻ ഭാഗ്യം ലഭിച്ചവരാണ് നേഴ്സ്സുമാർ. ജീവന്റെ സംരക്ഷണത്തിൽ ദൈവപിതാവിന്റെ കൂട്ടുവേലക്കാരായി ഇവർ മാറുന്നു. നിപ്പയുടെ കാലത്ത് അപരനുവേണ്ടി ജീവൻ നൽകിയ ലിനി പുതുശ്ശേരി നമ്മുടെ സ്നേഹസ്മരണകളിലുണ്ട്. ദൈവ കാരുണ്യത്തിന്റെയും സ്വാന്തനത്തിന്റെയും മാലഖമാരായ ഇവർക്ക് ദൈവപിതാവിന്റെ പ്രത്യേക അനുഗ്രഹവും സാന്നിദ്ധ്യവും അവിടുന്ന് നല്കികൊണ്ടിരിക്കും.

കഴിഞ്ഞ കോവിഡ് കാലത്ത് ആതുരശുശ്രൂഷരംഗത്ത് വളരെയധികം ആദരിക്കപ്പെട്ട സമൂഹമാണ് നേഴ്സ്സുമാരുടെത്. ദീർഘനേരം പിപി കിറ്റും, മാസ്കും ധരിച്ച് സ്വയം ഉരുകിവിയിർക്കുമ്പോഴും അവർ പരിധികളില്ലാത്ത പരിചരണത്തിന്റെയും സൗഖ്യത്തിന്റെയും കരങ്ങൾ രോഗികളിലേക്ക് നീട്ടി സേവനത്തിന്റെ പാരമ്യത്തിലെത്തുകയായിരുന്നു. ഏകദേശം 21 മില്യൻ നേഴ്സ്സുമാർ ഇന്ന് ലോകത്തിലുണ്ട്. ഇതിൽ ലോകരാഷ്ട്രങ്ങളിൽ മലയാളി നേഴ്സ്സുമാരുടെ സേവനത്തിന്റെ മികവ് എടുത്തുപറയേണ്ട ഒന്നാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ നല്ലൊരു പങ്ക് ഇന്ന് നേഴ്സ്സുമാർ നിർവ്വഹിക്കുന്നു.

എന്നാൽ ഈ മേഖലയിൽ ഇന്ന് നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. രോഗി പരിചരണം ഒരു ശുശ്രൂഷയായി കാണാൻ കഴിയാതെ പണസമ്പാദനത്തിനായുള്ള മാർഗ്ഗം മാത്രമായി സ്വീകരിക്കുകയും ചെയ്യുമ്പോൾ അത് സ്നേഹശുശ്രൂഷക്ക് ഒരുവെല്ലുവിളിയാണ്. അതിനു മറുവശമായി അധികജോലിഭാരവും തുച്ഛമായ വേതനവും, സാമൂഹിക നിലവാരം താഴ്ത്തികെട്ടാറുണ്ട്. ഇത് ശുശ്രൂഷമനോഭാവം ഇല്ലാത്തതും അർപ്പണ ബോധമില്ലാത്തതുമായ വ്യക്തികളെ ഈ മേഖലയിൽ സൃഷ്ടിക്കാൻ ഇടയാക്കുന്നു. എത്രയെത്ര നന്മ ചെയ്താലും അതൊക്കെ മറന്ന് ഒരു ചെറിയ പോരായ്മ ഉയർത്തിപ്പിടിച്ച് ശകാരിക്കുന്നവരുടെയും, തട്ടിക്കയറുന്നവരുടെയും സാന്നിദ്ധ്യം ഇന്ന് ആതുരശുശ്രൂഷരംഗത്തെ നിത്യസംഭവങ്ങളാണ്. എന്നാൽ സ്നേഹത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത് ജോലി സമയം കഴിഞ്ഞിട്ടും മരിക്കാറായ ഒരു രോഗിയുടെ അടുത്ത് അല്പസമയംകൂടി ചിലവഴിക്കുന്ന മാലാഖമാരെയും നമുക്ക് സുപരിചിതമാണ്.

ജീവനെ സംരക്ഷിക്കുവാൻ സ്നേഹത്തിന്റെ പുതിയൊരു സംസ്കാരം വളർത്തിയെടുക്കുവാൻ സമർപ്പണത്തിന്റെ പര്യായമായ നേഴ്സ്സുമാരുടെ കരങ്ങളിൽ ദൈവത്തിന്റെ കൈയ്യൊപ്പ് ഉണ്ട്. സ്നേഹം വിതറി സൗഖ്യം നൽകാൻ യേശുവെന്ന വൈദ്യനെ പിൻതുടരുവാൻ ഇവർക്ക് കഴിയട്ടെ എന്ന് നമുക്ക് ആശംസിക്കാം. പ്രാർത്ഥിക്കാം.

**കഴിഞ്ഞലക്കത്തിലെ തിരുത്ത്**
**ഗൂഗിൾപേ, വാട്ട് സാപ്പ് നമ്പർ: 949564652**

# മെയ്ദിനസന്ദേശം 2022
## "സംരക്ഷണമാണ് ജോലി, ജോലിയാണ് സംരക്ഷണം"

അങ്ങേക്ക് സ്തുതി (ലൗദാത്തോ സി) പ്രോജക്റ്റിന് ശേഷമുള്ള തൊഴിലിന്റെയും തൊഴിലാളികളുടെയും ഭാവി നമ്മുടെ ലോകത്തെ പരിവർത്തനപ്പെടുത്താനുള്ള ശ്രമങ്ങളിൽ, ജോലിയുടെ കേന്ദ്രീകൃത പുനർ-സ്ഥിരികരണത്തിന് കാരണമാകുന്നു. ജോലിയുടെ ഭാവിക്കായുള്ള അന്താരാഷ്ട്ര തൊഴിൽ പ്രസ്ഥാനത്തിന്റെ (ILO) ശതാബ്ദി പ്രഖ്യാപനം ഒരു മാനുഷിക സമീപനം സ്വീകരിക്കാൻ എല്ലാവരേയും ക്ഷണിക്കുന്നു. എല്ലാവർക്കുമായി സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെട്ട തൊഴിലും ജോലിയും ഉപയോഗിച്ച് ജോലിയുടെ ന്യായവും എല്ലാവരേയും ഉൾക്കൊള്ളുന്നതും സുരക്ഷിതവുമായ ഭീവിയെ രൂപപ്പെടുത്തുന്നതുമായ കേന്ദ്രീകൃത സമീപനമാണിത്.

പദ്ധതിയുടെ പശ്ചാത്തലവും അതിന്റെ പ്രയോഗ രൂപകല്പനയും വിശദീകരിക്കുന്ന രണ്ട് സുപ്രധാന സംഭവങ്ങൾ ഇവയാണ്. (i) അന്താരാഷ്ട്ര തൊഴിൽ പ്രസ്ഥാനത്തിന്റെ 2019-ലെ ശതാബ്ദിയുടെ തയ്യാറെടുപ്പും ആഘോഷവും. (ii) 2015-ൽ ആയിരുന്നു അങ്ങേക്ക് സ്തുതിയുടെ പ്രസിദ്ധീകരണം. 2015-ൽ, ILO അതിന്റെ ശതാബ്ദിക്ക് തയ്യാറെടുക്കുന്നതിനിടയിൽ "ജോലിയുടെ ഭാവിക്ക്" തുടക്കം കുറിച്ചു. ഇന്നത്തെ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളികൾ ഉയർത്തികാട്ടുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്നത്. മാത്രമല്ല സ്വന്തം ദൗത്യം പുനഃക്രമീകരിക്കുന്നതിനും പുനരാരംഭിക്കുന്നതിനുമുള്ള ചട്ടക്കൂടായി വർത്തിക്കാനുള്ളതാണിത്.

"ജോലിയുടെ ഭാവി" യെന്ന സംരഭം ആരംഭിക്കുന്നതും നടപ്പിലാക്കുന്ന തിനുമുള്ള ചുമതല ILO ഒരു കമ്മീഷനെ ഏൽപ്പിച്ചു. അത് ഏഴ് മേഖലകളിൽ വിപുലമായ ഗവേഷണവും കൂടിയാലോചനയും നടത്തി. അതിന്റെ അന്തിമ റിപ്പോർട്ട് - വർക്ക് ഫോർ എ ബ്രൈറ്റർ ഫ്യൂച്ചർ (Brighter Future) 2019 ജനുവരിയിൽ പ്രസിദ്ധീകരിച്ചു. ഇത് ആരംഭിക്കുന്നത് തന്നെ ഉൾക്കൊഴ്ച്ചയുള്ള ഈ വാക്കുകളോടെയാണ് ''പുതിയ ശക്തികൾ ജോലിയുടെ ലോകത്തെ രൂപാന്തരപ്പെടുത്തുന്നു. ഈ മാറ്റങ്ങൾ നിർണ്ണായകമായ പ്രവൃത്തികൾ ചെയ്യുവാൻ ആഹ്വാനം ചെയ്യുന്നു. തൊഴിലാളികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പരുധിയില്ലാത്ത അഭിമുഖങ്ങൾ ലഭ്യമാക്കുക, തിരഞ്ഞടുക്കുവാനുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുക. ലിംഗവ്യത്യാസം ഇല്ലാത്താക്കുക. ആഗോള അസമത്വങ്ങളുടെയും അനിശ്ചിതത്വങ്ങളുടെയ ലോകത്തിലേക്ക് നാം നീങ്ങും. "

ഫ്രാൻസീസ് പാപ്പായുടെ അഭിപ്രായത്തിൽ ഒരു യഥാർത്ഥ വികസിത സമൂഹത്തിൽ തൊഴിൽ സാമൂഹിക ജീവിതത്തിൽ അനിവാര്യമായ മാനമാണ്. അത് അന്നന്നുവേണ്ട ആഹാരം നേടാൻ മാത്രമുള്ളതല്ല വ്യക്തിപരമായ വികാസം ആരോഗ്യകരമായ ബന്ധങ്ങൾ വളർത്താൻ, ആത്മപ്രകാശനം, ദാനങ്ങളുടെ കൈമാറ്റം എന്നിവയ്ക്കും കാരണമാണ്. തൊഴിൽ ലോകത്തിന്റെ വികസനത്തിനും അന്തിമമായി ഒരു ജനത എന്ന നിലയിൽ നമ്മുടെ ജീവിതത്തിനും പങ്കാളിത്ത ഉത്തരവാദിത്തബോധം പ്രദാനം ചെയ്യുന്നു." (നാം സോദരർ നമ്പർ 162)

തൊഴിലിന്റെ ഭാവി- തൊഴിൽ അങ്ങേയ്ക്ക് സ്തുതിക്കുശേഷം എന്ന പദ്ധതി ലക്ഷ്യമിടുന്നത്. "ഇന്നത്തെ നിർണ്ണായക വെല്ലുവിളിയായ ജോലിയെക്കുറിച്ചുള്ള പുനർവിചിന്തനം " നടത്തുന്നു. ഇത് 108-മത് അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തിലേക്കുള്ള തന്റെ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പ പരാമർശിച്ചു.

"സഭയെ ഇതിന്റെ ഭാഗമാക്കുന്നതിനും സ്ഥിരം അതിന്റെ നിരീക്ഷകൻ ആകാനും അനുവദിക്കുന്നതിനെ പ്രതി ILO യ്ക്ക് കൃതജ്ഞത പ്രകാശിപ്പിച്ചു. ഈ ശ്രമത്തിനു വേണ്ടിയുള്ള കത്തോലിക്കാ സഭയുടെ സംഭാവനകളിൽ ഞങ്ങളുടെ പ്രോജക്റ്റിനെ ഉൾപ്പെടുത്തി."

**പ്രതിസന്ധിയുടെ നാല് വശങ്ങൾ**

നമ്മുടെ ജീവിക്കുന്ന ലോകത്തെ അയാളപ്പെടുത്തുന്നതിന്റെ (mapping) ആദ്യപടിയായി തൊഴിൽ ലോകത്തെ ബാധിക്കുന്ന പ്രതിസന്ധിയുടെ നാല് വശങ്ങളിലൊന്ന്

**1. പാരിസ്ഥിതിക പ്രതിസന്ധി**

കാലാവസ്ഥ വ്യതിയാനം ജൈവവൈവിധ്യനഷ്ടം മലീനീകരണം, പാരിസ്ഥിതിക തകർച്ച എന്നിവയുടെ ഉദാഹരണങ്ങൾ പരിഗണിക്കുമ്പോൾ പാരിസ്ഥിതിക പ്രതിസന്ധിയ്ക്ക് ഒരു പ്രത്യേക ആഗോളമാനമുണ്ട്. പാരസ്ഥിതിക വെല്ലുവിളിയെ മൊത്തത്തിൽ കാണണം. കാരണം സാമൂഹിക സുസ്ഥിരതയുടെ ചോദ്യത്തിൽ നിന്ന് അതിനെ വേർപ്പെടുത്തുക അസാദ്ധ്യമാണ്. പാരിസ്ഥിതിക പ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നതിന് നമ്മുടെ സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തന രീതിയിലും ഉത്പ്പാദന പ്രവർത്തനങ്ങളെ ഒരു ലംബ മാതൃകയിൽ നിന്നും (linear) ചാക്രിക (Circular) മാതൃകയിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള മാറ്റവും ആവശ്യമാണ്. തൊഴിലാളികളുടെ ചെലവിൽ ഇത് ചെയ്യാൻ കഴിയില്ല. ഈ പ്രക്രിയയിലുടനീളം അവരെ അനുഗമിക്കേണ്ടതുണ്ട്. ഇത് നീതിപൂർവ്വമായ കൈമാറ്റം (ന്യായമായ പരിവർത്തനം) എന്ന് വിളിക്കപ്പെടുന്ന പ്രശ്നമാണ്. (issue)

**2. അസമത്വങ്ങളുടെ നിരന്തരമായ വർദ്ധനവ്**

വർദ്ധിച്ചുവരുന്ന അസമത്വങ്ങൾ സാമൂഹിക അക്രമത്തിന്റെ സ്ത്രോതസാണ്. പല രാജ്യങ്ങളിലും ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ കുടുംബത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവിശ്യമായ മിനിമം വരുമാനത്തിലേക്കുള്ള പ്രവേശനത്തിന് തൊഴിൽ ഒരു മുൻ വ്യവസ്ഥയാണ്. തൊഴിൽ വിപണിയിൽ സ്ത്രീകൾ കൂടുതലായി പിന്നോക്കാവസ്ഥയിലാണ്. പൊതുമേഖലയിലെ തൊഴിലും ഇതര മേഖലയിലെ തൊഴിലും (Formal and infermal employment) തമ്മിൽ വേർതിരിക്കുന്നുണ്ട്. അവ തൊഴിൽ അസമത്വങ്ങൾ വർദ്ധിപ്പിക്കുന്നു. പ്രത്യേകിച്ച് അപര്യാപ്തമായ സാമൂഹിക സംരക്ഷണത്തിന്റെ കാര്യത്തിൽ.

**3. കുടിയേറ്റം ഉയർത്തുന്ന വെല്ലുവിളികൾ**

കുടിയേറ്റം ഉയർത്തുന്ന വെല്ലുവിളികൾ തൊഴിൽ പ്രശ്നത്തിൽ നിന്നും വേർതിരിക്കാനാവാത്തതാണ്. പലപ്പോഴും കുടിയേറ്റക്കാർ തൊഴിലാളികളാണ്. ചിലപ്പോൾ അവരോടൊപ്പം കുടുംബവും ഉണ്ടാകാറുണ്ട്. മിക്ക കുടിയേറ്റക്കാരും അവരുടെ യാത്രകൾ ആരംഭിക്കുന്നത്, മാന്യമായ തൊഴിൽ കണ്ടെത്താനുള്ള സാധ്യതകൾ ഇല്ലാത്തത്തിനാലോ മറ്റെവിടെയെങ്കിലും മെച്ചപ്പെട്ടതും മികച്ചതുമായ തൊഴിൽ സാഹചര്യങ്ങൾ കണ്ടെത്താമെന്ന പ്രതീക്ഷയിലോ ആണ്.

**4. സാങ്കേതിക പരിവർത്തനം** (Technologyacal transformation)

സാങ്കേതിക പരിവർത്തനങ്ങളും റോബട്ട് വത്കരണവും (robotization)

കളംപിടിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ സജീവമായ ഇടപെടൽ ആവിശ്യമായ പരിവർത്തനങ്ങൾ അവതരിപ്പിക്കണം. അല്ലെങ്കിൽ അവ മിക്ക കേസ്സുകളിലും തൊഴിൽ നാശത്തിനും ജോലിയുടെ താൽക്കാലിക വൽക്കരണത്തിനും കാരണമാകും.

**പുരോഗതിയിൽ നിന്നും മനുഷ്യവികസനം വരെ**

തൊഴിൽ ലോകത്ത് ഉയർന്നുവരുന്ന പ്രതിസന്ധികളെ അവലോകനം ചെയ്തശേഷം ഗവേഷണങ്ങളുടെ വെളിച്ചത്തിൽ ഒരു പരിവർത്തനം നിർദ്ദേശിക്കുന്നു. മാന്യമായ ജോലിപോലെ സമഗ്രമായ മാനവ വികസനകാഴ്ചപ്പാടും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന് ഗവേഷണ റിപ്പോർട്ട് പറയുന്നു. സമഗ്രമായ മനുഷ്യ വികസനത്തെ പ്രോത്സാഹിപ്പക്കുന്നതിന് പാർശ്വവത്ക്കരിക്കപ്പെട്ട ഇടങ്ങളും സംസ്കാരങ്ങളും പ്രോത്സാഹിപ്പിക്കുന്ന വ്യത്യസ്തമായ കാഴ്ച്ചപ്പാട് ആവിശ്യമാണെന്ന് റിപ്പോർട്ട് പറയുന്നു.

**തൊഴിൽ മാനുഷികവും ആത്മീയവുമായ ഒരനുഭവം**

ഗവേഷണത്തിൽ നിന്നും നമുക്ക് അറിയാൻ സാധിക്കുന്നത് ജോലിയിലൂടെയും ജോലിയുടെ ലോകത്തിനകത്തും നമുക്ക് സന്തോഷവും സങ്കടവും പ്രതീക്ഷയും നിരാശയും അനുഭവപ്പെടുന്നു. അധ്വാനത്തിന്റെ ഭാരവും കോപത്തിന്റെ കാഠിന്യവും ഉൽസാഹത്തിന്റെ ഊർജ്ജവും നമുക്ക് അനുഭവപ്പെടുന്നു. ജോലി സ്ഥലത്ത് ആയിരിക്കുക എന്നതിനർത്ഥം ജോലി ചെയ്യുന്ന വ്യക്തികളുമായും സാഹചര്യങ്ങളുമായി ബന്ധപ്പെടുകയെന്നതാണ് (ബനഡിക്ട് XVI സത്യത്തിൽ സ്നേഹം നമ്പർ 53)

**ജോലിയുടെ ഭാവി തിരിച്ചറിവിന്റെ ഒരു വിഷയമാണ്**

(The future of work, a matter for discernment ) ഉയിർത്തെഴുന്നേറ്റ കർത്താവ് നിഗൂഡമായി പ്രപഞ്ചം മുഴുവനിലും പ്രവർത്തിക്കുന്നുണ്ടെന്നും അവന്റെ ആത്മാവ് ചരിത്രത്തെ അതിന്റെ പൂർത്തീകരണത്തിലേക്കാണ് നയിക്കുന്നതെന്ന വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള ബോധ്യം ഏതൊരു തിരിച്ചറിവിന്റെയും (discrenment) (വിവേചന പ്രക്രിയയുടെയും) അടിസ്ഥാനം കാലത്തിന്റെ അടയാളങ്ങൾ വായിക്കുകയും നമുക്ക് ഏറ്റവും ആവിശ്യമുള്ളത് വിവേചിക്കുകയും ചെയ്യുന്നത് മാറ്റത്തെ ഏകീകരിക്കുന്ന നിയപരവും മാനദണ്ഡപരവുമായ ചട്ടക്കൂട് നിർമ്മിക്കുക എന്നതാണ്.

**മാറ്റത്തിനായി പ്രവർത്തിക്കുക**

പരിവർത്തനത്തിന്റെ ആവിശ്യകത നമ്മൾ ഇന്ന് കണ്ടുപിടിക്കുന്നത് പുതിയ കാര്യമല്ല, അല്ലെങ്കിൽ ആദ്യമായി സ്ഥിരീകരിക്കുന്നവരുമല്ല നമ്മൾ “ലോകത്തെ രൂപാന്തരപ്പെടുത്തുക” എന്ന ശീർഷകത്തിലുള്ള യു.എൻ. 2030 സുസ്ഥിര വികസന അജണ്ട വളരെ വലിയ ആധീകാരീകതയോടെ പരിവർത്തനം ആവശ്യപ്പെടുന്നു. സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക സംവിധാനങ്ങളുടെ രൂപാന്തികണവും സുസ്ഥിരതയും മാനുഷിക അന്തസ്സും ഉറപ്പക്കുന്ന നയങ്ങളും വികസനത്തിന്റെ നടപ്പാക്കലുമാണത്. ഈ പരിവർത്തനത്തിന് ആവിശ്യമായ പ്രധാന ഘടകങ്ങൾ, ജനങ്ങളും, ഭൂമിയും സമൃദ്ധിയും, സമാധാനവും പങ്കാളിത്തവുമാണ്. 2019-ലെ അന്താരാഷ്ട്ര തൊഴിൽ പ്രസ്ഥാനത്തിന്റെ (ILO) യും ശതാബ്ദി പ്രഖ്യാപനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ തൊഴിൽ ലോകവും വലിയ മാറ്റത്തിന് വിധേയമായിരിക്കുന്നു. ILO അതിന്റെ ശതാബ്ഗി ആഘോഷിക്കുന്നത് സാങ്കേതിക കണ്ടുപിടുത്തങ്ങളാൽ നയിക്കപ്പെടുന്ന തൊഴിൽ ലോകത്ത് പരിവർത്തനാത്മകമായ

മാറ്റത്തിന്റെ സമയത്താണ്. ജനസംഖ്യ പരമായ മാറ്റങ്ങൾ പാരിസ്ഥിതികവും കാലാവസ്ഥപരമായ വ്യതിയാനവും ആഗോളവത്ക്കരണവും അതുപോലെ സ്ഥിരമായ അസമത്വങ്ങളുടെ കാലത്ത് ജോലിയുടെ സ്വഭാവത്തിലും പരിശീലനത്തിലും അതിലെ ആളുകളുടെ സ്ഥലത്തിലും മാന്യതയിലും ആഴത്തിലുള്ള സ്വാധീനം ചെലുത്തുന്നു. അവസരങ്ങൾ ഉപയോഗിച്ച് വെല്ലുവിളികളെ അഭിമുഖീകരിക്കാനും അടിയന്തിരമായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. മാത്രമല്ല ഉൽപ്പാദന ക്ഷമയും, സ്വാതന്ത്ര്യവും, മാന്യവും തിരഞ്ഞെടുത്തതുമായ തൊഴിൽ എല്ലാവർക്കും ലഭ്യമാകണം. (അന്താരാഷ്ട്ര തൊഴിൽ പ്രസ്ഥാനം, ILO ശതാബ്ദി പ്രഖ്യാപനം, ജോലിയുടെ ഭാവി, ജൂൺ 21, 2019)

**ഉപസംഹാരം**

ജോലിയെന്നത് നമ്മുടെ തന്നെയും നമ്മുടെ ദാനങ്ങളുടെയും ആവിഷ്കാരമാണ്. അത് മാത്രമല്ല, നമ്മുടെ സമർപ്പണവും, ആത്യനിക്ഷേപവും മറ്റുള്ളവരുമായിട്ടുള്ള സഹകരണവുമാണ് കാരണം. നമ്മുടെ ജോലികളെല്ലാം മറ്റുള്ളവരോടൊപ്പവും മറ്റുള്ളവർക്ക് വേണ്ടിയുമാണ്. സാമൂഹികമാനത്തിൽ നോക്കുമ്പോൾ നമ്മുടെ തൊഴിലിടം കൂടുതൽ വാസയോഗ്യവും സുന്ദരവുമായ ലോകം നിർമ്മിക്കാനുള്ള സംഭാവന ചെയ്യുന്നു. (Message for world Day of Peace 2022)

പരിശുദ്ധ ഫ്രാൻസിസ് പാപ്പ മുഴുവൻ മാനവരാശിയോടും ഒരുമിച്ചൊരു സിനഡാത്മക യാത്ര നടത്തുവാൻ ക്ഷണിക്കുന്നു. "രാഷ്ട്രീയലോകം, സംസ്കാരം, സാമ്പത്തികശാസ്ത്രം, ധനകാര്യം, ജോലികൾ, തൊഴിലാളി പ്രസ്ഥാനങ്ങൾ, ബിസിനസ്സ് അസോസിയേഷനുകൾ, ഗവൺമെന്റ് – ഗവൺമെന്റിതര പ്രസ്ഥാനങ്ങൾ, ജനപ്രിയ പ്രസ്ഥാനങ്ങൾ വിവിധ ന്യൂനപക്ഷവിഭാഗങ്ങൾ, ദരിദ്രർ അവഗണിക്കപ്പെട്ടവർ തുടങ്ങിയവർക്കൊപ്പം. നീതിയലധിഷ്ഠിതമായ ഒരു തൊഴിൽ സാഹചര്യവും ഒരു പുതിയ ലോകക്രമവും സൃഷ്ടിക്കാം."

**റൈറ്റ്.റവ.ഡോ. അലക്സ് വടക്കുംതല**
(ചെയർമാൻ, ലേബർ കമ്മീഷൻ സി.ബി.സി.ഐ.)




# ജന്മദിനാശംസകൾ

**മെയ്**

02. ഫാ. ആഗ്നൽ ഡോമിനിക് റോഡ്രിഗ്സ്
03. ഫാ. സേവ്യർ മാമ്മൂട്ടിൽ
04. ഫാ. ഐസക് പടിഞ്ഞാറെക്കുറ്റ്
17. ഫാ. മൈക്കിൾ വലയിഞ്ചിയിൽ
20. ഫാ. പീറ്റർ ഇഞ്ചപ്പാറ
20. ഫാ. ഔസേഫ് പുത്തൻപറമ്പിൽ
21. ഫാ. സേവ്യർ തൈപ്പാടത്ത് ഒ. എസ്. ജെ.
29. ഫാ. ജോബ് കുഴിവയലിൽ
30. ഫാ. ആന്റണി ചേലാട്ട്
31. ഫാ. അഗസ്റ്റിൻ മേച്ചേരിൽ

## യുവജനങ്ങൾ ഉന്നത സാമൂഹിക ബോധ്യമുള്ളവരായിരിക്കണം: കെ.സി.വൈ.എം വിജയപുരം രൂപത




മൂന്നാർ : യുവജനങ്ങൾ ഉന്നത സാമൂഹിക ബോധ്യമുള്ളവരായിരിക്കണെമെന്നു ഫാ. മൈക്കിൾ വലയിഞ്ചിയിൽ. കെ.സി.വൈ.എം വിജയപുരം രൂപത പ്രവർത്തനവർഷ ഉത്ഘാടനയോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരിന്നു അദ്ദേഹം. കെ.സി.വൈ.എം. വിജയപുരം രൂപത പ്രസിഡന്റ് ജോസ് വർക്കി അദ്ധ്യക്ഷത വഹിച്ച യോഗം മൂന്നാർ ഡിവൈഎസ്പി കെ. ആർ. മനോജ് ഉത്ഘാടനം ചെയ്തു. രൂപത അസോ. ഡയറക്ടർ ഫാ. അഗസ്റ്റിൻ ആസിർ കർമ്മപദ്ധതി പ്രകാശനം നിർവഹിച്ചു. രൂപത ജന. സെക്രട്ടറി സുബിൻ കെ. സണ്ണി, വൈസ്. പ്രസിഡന്റുമാരായ ശീതൾ ജോണി, മരിയൻ ആന്റണി സെക്രട്ടറിമാരായ സോനാ മൈക്കിൾ, ജോസ് സെബാസ്റ്റ്യൻ, ട്രഷറർ നിർമ്മൽ സ്റ്റാൻലി, സിൻഡിക്കേറ്റ് അംഗം അജിത് അൽഫോൻസ്, സമിതി അംഗങ്ങളായ നിഷാദ് ജോസഫ്, സീലിയ വർഗീസ്. രൂപത ഡയറക്ടർ ഫാ. ജോൺ വിയാന്നി, മറയൂർ മേഖല ഡയറക്ടർ ഫാ. സോജൻ, ചിന്നക്കനാൽ യൂണിറ്റ് പ്രസിഡന്റ് സലോമി ഡി., മൂന്നാർ യൂണിറ്റ് പ്രധിനിധി അശ്വതി സിജോ എന്നിവർ സംസാരിച്ചു.

## ആദരാഞ്ജലികൾ







**സി. പിയ ജേക്കബ് എസ്.സി.സി.**
മണ്ണയ്ക്കനാട്
ഹോളിക്രോസ് കോൺവെന്റ്

**ജോയ് കുളമറ്റം**
പൊടിമറ്റം സെന്റ് ജോസഫ്
ദൈവാലയ ശുശ്രൂഷി

# ഇടവക വാർത്തകൾ



തിരുവല്ല മേഖല മതാധ്യാപക സിനഡ്



മുണ്ടക്കയം മേഖല യുവജന-മതാധ്യാപക സിനഡ്



ആദ്യകുർബാനസ്വീകരണം സെന്റ് സെബാസ്റ്റ്യൻ ദൈവാലയം ചീന്തലാർ



യുദ്ധം നടക്കുന്ന ഉക്രൈനിനെ മാതാവിന് സമർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥന



KCYM ചിന്നക്കനാൽ യൂണിറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ ചിന്നക്കനാൽ ഫാത്തിമ മാതാ ഹൈസ്കൂളിൽ പഠിക്കുന്ന പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പരീക്ഷ സാമഗ്രികൾ നൽകി. ഇടവക വികാരി ഫാ. ബ്രിട്ടോ മാത്യു വില്ലുകുളത്തിന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴിയും തുടർന്ന് ജപമാലയും ചൊല്ലി എസ്എസ്എൽസി, പ്ലസ്ടു പൊതു പരീക്ഷ എഴുതുവാൻ തയ്യാറെടുക്കുന്ന എല്ലാ വിദ്യാർത്ഥികളെയും സമർപ്പിച്ച് പ്രാർത്ഥിച്ചു.



വൈശ്യംഭാഗം വേളാങ്കണ്ണിമാതാ കുരിശടി ആശീർവ്വാദം

# ലീജിയൻ ഓഫ് മേരി



ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മീസിയം ഏപ്രിൽ 9, 20222 ശനിയാഴ്ച ഗുഡ്ഷെപ്പേർഡ് ഹാളിൽ വച്ച് ഈ വർഷത്തെ ആച്ചിയസ് നടത്തി. ഫൊറോന വികാരി വെരി.റവ.ഫാ. ജോസ്‌ലിൻ ഒ.സി.ഡി. അച്ചൻ മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് തെരഞ്ഞെടുപ്പ് നടത്തി. ശ്രീമതി മേരി മാത്യു ചീന്തലാർ പ്രസിഡന്റ്, ശ്രീമതി സൂസൻ വിജയൻ വടവാതൂർ സെക്രട്ടറി, ശ്രീമതി അന്നമ്മ ജോൺ കോട്ടയം വൈസ് പ്രസിഡന്റ്, ശ്രീമതി റുഫീന സിൽവി ലോബോ ചങ്ങനാശ്ശേരി ട്രഷറർ, ശ്രീമതി സിബിൾ അൽഫോൻസ കോട്ടയം, ശ്രീമതി അന്നമ്മ മാത്യു കുറിച്ചി (കറസ്പ്പോണ്ടന്റസ്). അമ്പതിലധികം പേർ പങ്കെടുത്ത യോഗത്തിന് ആത്മീയഗുരു റവ.ഫാ.ജോർജ്ജ് ജോൺ മേരിമംഗലം നേതൃത്വം നൽകി.



സെന്റ് ആന്റണീസ് തിരുശേഷിപ്പ് തീർത്ഥാടനകേന്ദ്രത്തിൽ തിരുനാൾ പതാക ഉയർത്തുന്നു



കെ.സി.വൈ.എം വിജയപുരം രൂപത യൂത്ത് കൗൺസിൽ ട്രെയിനിങ്

# വി.എസ്.എസ്.എസ്. വാർത്തകൾ

## ഹരിതശ്രീപദ്ധതി



ഗ്രീൻ പ്രോട്ടോക്കോൾ - പരിശീലന പരിപാടി ഉദ്ഘാടനം ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ഹരിതശ്രീ പദ്ധതിയുടെ ഉദ്ഘാടനം അമലനിലയത്തിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചിരിൽ നിർവ്വഹിച്ചു. മാലിന്യ സസ്ക്കരണം, ഉറവിട മാലിന്യ നിർമ്മാർജനം, ജൈവവളനിർമ്മാണം അടുക്കളത്തോട്ടം, വൈദ്യുത-ജല വിഭവങ്ങളുടെ നിയന്ത്രിത ഉപയോഗം തുടങ്ങിയവയാണ് കർമ്മപരിപാടികൾ. ആദ്യഘട്ടത്തിൽ ഫാത്തിമാമാതാ ഫിസിയോ തെറാപ്പിസെന്റർ, സെന്റ് ജോസഫ്സ് ഐ.ടി.ഐ. സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ഹോളിഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ, നിർമ്മല സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, വിമലാംബിക കോൺവെന്റ്, ഇൻഫന്റ് ജീസസ് മൈനർ സെമിനാരി, അമലനിലയം എന്നീ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുക. ഈ സ്ഥാപനങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസർമാർക്കുള്ള പരിശീലനം ജിത്തു കെ. തോമസ് (കേരള സോഷ്യൽ സർവ്വീസ് ഫോറം) നയിച്ചു. അസി. ഡയറക്ടർ ഫാ.ലിനുസ് ബിവേര വി.എസ്.എസ്.എസ്. ഗ്രീൻ പ്രോട്ടോക്കാൾ ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിൽ എന്നിവർ സംസാരിച്ചു.




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹസ്തം പദ്ധതിയിലുൾപ്പെടുത്തി വയോജനങ്ങൾക്കായി നൽകുന്ന പോഷകാഹാര കിറ്റുകളുടെ വിതരണോദ്ഘാടനം വടവാതൂരിൽ ഫാ. സേവ്യർ ഒ.എസ്.ജെ. നിർവ്വഹിച്ചു. കോ. ഓർഡിനേറ്റർ സി. സൂസൻ ക്രമീകണങ്ങൾക്ക് നേതൃത്വം നൽകി.

## ഹസ്തം പദ്ധതി




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കൊവിഡ് അതിജീവനപദ്ധതികളിലൊന്നായ ‘ഹസ്തം’ തൊഴിൽദാന പദ്ധതിയിലുൾപ്പെടുത്തി 15 കുടുംബങ്ങൾക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്തു. വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന്റെ അദ്ധ്യക്ഷതയിൽ മൂന്നാർ റീജിയണൽ ഡയറക്ടർ ഫാ. ഫ്രാൻസീസ് കമ്പോളത്തുപറമ്പിൽ വിതരണോദ്ഘാടനം നിർവ്വഹിച്ചു. അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര, സി. സൂസൻ സെബാസ്റ്റ്യൻ മറ്റത്തിൽ, രജനി സന്തോഷ് എന്നിവർ സംസാരിച്ചു.



# അഭിവന്ദ്യ പിതാവിന്റെ
## മെയ് മാസ പരിപാടികൾ

| | | |
|---|---|---|
| മെയ് 1 | : | 11.00 am -VSSS ന്റെ നേതൃത്വത്തിൽ മെയ്ദിനഘോഷം |
| | : | 3.00 pm - വി. അന്തോണിസിന്റെ തിരുശേഷിപ്പ് തീർഥാടന കേന്ദ്രത്തിലെ തിരുനാൾ ദിവ്യബലി. |
| മെയ് 2 | : | ദിവ്യബലി - ഹോളി ക്രോസ് ദൈവലയം, വൈശ്യംഭാഗം. |
| മെയ് 4 | : | വിവാഹ ആശിർവാദം, ഗുഡ്ഷെപ്പേർഡ് ദൈവാലയം, കോട്ടയം. |
| മെയ് 6 | : | PPD |
| മെയ് 7 | : | 10.30 am - CTC സന്യാസിനികളുടെ നിത്യവ്രത പ്രഥമവ്രത വാഗ്ദാനകർമങ്ങൾ - ഗുഡ്ഷെപ്പേർഡ് ദൈവാലയം, കോട്ടയം. |
| മെയ് 8 | : | സ്ഥൈര്യലേപനം - തിരുഹൃദയ ദൈവാലയം അമയന്നൂർ.<br>4.30 pm: ഉദ്ഘാടനം - Life Orientation Programme for Boys ഗുഡ്ഷെപ്പർഡ് സ്കൂൾ, കോട്ടയം. |
| മെയ് 9 | : | സ്ഥൈര്യലേപനം - സെന്റ്. മൈക്കിൾസ്, ദൈവാലയം, പൊതി. |
| മെയ് 10-12 | : | രൂപത സിനഡ്, വിമലഗിരി പാസ്റ്ററൽ സെന്റർ , കോട്ടയം. |
| മെയ് 13 | : | PPD |
| മെയ് 14 | : | 10.30am - സ്ഥൈര്യലേപനം, സെന്റ് മദർ തെരേസ ദൈവാലയം,തൊടുപുഴ. |
| | : | 5.30pm - കുരിശുപള്ളി ആശിർവാദം, സെന്റ് ആന്റണീസ് ദേവാലയം, ചപ്പാത്ത്. |
| മെയ് 15 | : | സ്ഥൈര്യലേപനവും ഇടയ സന്ദർശനവും സെന്റ്. ജോസഫ്സ് ദൈവാലയം, വിശ്വനാഥപുരം |
| മെയ് 16 | : | സ്ഥൈര്യലേപനം - അസംപ്ഷൻ ദൈവാലയം, വണ്ടിപെരിയാർ. |
| മെയ് 18,19 | : | സ്ഥൈര്യലേപനവും ഇടയ സന്ദർശനവും - ആവേ മരിയ ദൈവാലയം, ദേവികുളം |
| മെയ് 20 | : | PPD |
| മെയ് 21 | : | സ്ഥൈര്യലേപനവും ഇടയ സന്ദർശനവും- ലൂർദ് മാതാ ദൈവാലയം, ചിന്നക്കനാൽ |
| മെയ് 22 | : | സ്ഥൈര്യലേപനവും ഇടയ സന്ദർശനവും, സെന്റ് ജോസഫ്സ് ദൈവാലയം, സൂര്യനെല്ലി. |
| മെയ് 23 | : | 10.30 am - DIH സന്യാസിനികളുടെ നിത്യവ്രത പ്രഥമവ്രത വാഗ്ദാനകർമങ്ങൾ, വിമലഗിരി കത്തീഡ്രൽ,കോട്ടയം. |
| മെയ് 25,26 | : | വൈദികസംഗമം - മൂന്നാർ |
| മെയ് 27 | : | PPD |
| മെയ് 28 | : | 10.00 am - സ്ഥൈര്യലേപനം, ലിറ്റിൽ ഫ്ളവർ ദൈവാലയം, വനവാതുക്കര. |
| മെയ് 29 | : | 10.00 am - സ്ഥൈര്യലേപനവും ഇടയ സന്ദർശനവും, സെന്റ്. ജോസഫ്സ് ദൈവാലയം, മാരാമൺ. |
| മെയ് 30 | : | 10.00 am - സ്ഥൈര്യലേപനം, സെന്റ്. മേരിസ് ദൈവാലയം, കുറുമുള്ളൂർ. |



മ്യൂൺസ്റ്റർഷ്വാർസ്വാഗ് മിഷൻ ക്വോട്ടേഴ്സിന്റെ കല്ലിടൽ കർമ്മം
അഭിവന്ദ്യ പിതാവ് നിർവഹിക്കുന്നു



വിശുദ്ധ ശനിയാഴ്ചത്തെ പ്രഭാതപ്രാർത്ഥനാപുസ്തകം പ്രകാശനം ചെയ്യുന്നു



2022 വൈദികദിനത്തിലെ വൈദികക്കൂട്ടായ്മ

MAY 2022
Vol. 15 • Issue 5
Published on
1th May 2022

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




P And N Ceramics®
PAN
A P ROAD ATHIRAMPUZHA, M C ROAD KUMARANALLOR
KK ROAD VADAVATHOOR, PH : +91 96330 09900

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180